കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി2/1204/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ ജില്ല

തീയതി.01.09.2018

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുത്തിയതോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുത്തിയതോട് ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുത്തിയതോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/പി2/1204/2018 തീയതി. 01.09.2018

# ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2017 മുതൽ 08.06.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 06.07.2018 മുതൽ<br>20.07.2018 വരെ | ശ്രീമതി.വി.മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ.കെ.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ലേഖ.പി.കെ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. പ്രേമ രാജപ്പൻ | 01.04.2017 മുതൽ 31.03.2018 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. എസ്. വേണുഗോപാൽ | 01.04.2017 മുതൽ 02.05.2017 വരെ |
| 2 | ശ്രീമതി. പി.എം. ഉഷ | 03.05.2017 മുതൽ 07.06.2017 വരെ<br>31.10.2017 മുതൽ 02.11.2017 വരെ |
| 3 | ശ്രീ. ജേക്കബ്. സി. ജോസഫ് | 08.06.2017 മുതൽ 30.10.2017 വരെ |
| 4 | ശ്രീ. പി.എസ്. വിപിനചന്ദ്രൻ | 03.11.2017 മുതൽ 31.03.2018 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. മേരി ജോസി | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ. ധനേഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ഗീതാ ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. കെ.കെ.സജീവൻ | 01.04.2017 മുതൽ 31.03.2018 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സൂസമ്മ. പി.വി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. സേതുമാധവൻ.കെ.ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അശ്വതി.എം. | 01.04.2017 മുതൽ 10.05.2017 വരെ<br>31.05.2017 മുതൽ 15.07.2017 വരെ |
| | ഡോ. യേശുദാസ് | 11.05.2017 മുതൽ 30.05 2017 വരെ |
| | ഡോ. ജിജിമോൾ. ആർ | 16.07.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. സ്മിതാറാണി | 01.04.2017 മുതൽ 25.05.2017 വരെ |
| | ഡോ. ഗീത | 26.05.2017 മുതൽ 31.03.2018വരെ |
| വെറ്ററിനറി സർജൻ | ഡോ. സംഗീത് നാരായണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ജയശ്രീ.പി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. റേയ്ച്ചൽ ബഞ്ചമിൻ | 01.04.2017 മുതൽ 09.08.2017വരെ |
| | ശ്രീ. ദിലീഷ്. എൻ.ഡി | 10.08.2017മുതൽ 03.10.2017 FN വരെ |
| | ശ്രീമതി. നിഷ. എം.ബി | 03.10.2017AN മുതൽ 02.11.2017 വരെ |
| | ശ്രീമതി. ദീപ്തി ജെയിംസ് | 03.11.2017 മുതൽ 08.11.2017FN വരെ |
| | ശ്രീമതി. സൗമ്യ. ആർ.എസ് | 08.11.2017AN മുതൽ 31.03.2018 വരെ |
| എച്ച്.എം.യു.പി.എസ് | ശ്രീ. സുശീലൻ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ. സുദർശൻ | 01.04.2017 മുതൽ<br>31.03.2018 വരെ |
| വി.ഇ.ഒ. നാലുകുളങ്ങര | ശ്രീ. മഹേഷ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| വി.ഇ.ഒ. കുത്തിയതോട് | ശ്രീ. സന്ദീപ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ആഷ. ബി | 01.04.2017 മുതൽ<br>31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. പി.എം.ഉഷ | 01.04.2017 മുതൽ<br>31.03.2018 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

22.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 195705057 | 190932100 |
| വാർഷിക കണക്ക് പ്രകാരം | 80495118 | 68071251 |

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (1) പ്രകാരം അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ, സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനുമുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം (കേരള പഞ്ചായത്ത് രാജ് നിയമം 214 (1) (എ)(1). എന്നാൽ ഗ്രാമ പഞ്ചായത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ സമയബന്ധിതമായി ബജറ്റ് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. 09.02.2017- ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗത്തിൽ 2017-18 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് മറ്റ് സ്റ്റാൻഡിംഗ് കമ്മറ്റികളിൽ നിന്നുള്ള ശുപാർശകൾ തയ്യാറാക്കി വാങ്ങുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പേര് | ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിന് തീരുമാനിച്ച തീയതി |
|---|---|
| വികസനം | 20.02.2017 |
| ക്ഷേമകാര്യം | 06.03.2017 |
| ആരോഗ്യ - വിദ്യാഭ്യാസം | 18.02.2017 |

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശുപാർശകൾ കൂടി ഉൾപ്പെടുത്തി കരട് ബജറ്റ് നിർദ്ദേശങ്ങൾ 14.03.2017-ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകരിച്ച് 22.03.2017 -ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ അവതരിപ്പിച്ചു.

സ്റ്റാൻഡിംഗ് കമ്മറ്റികൾ വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നില്ല എന്ന് സ്റ്റാൻഡിംഗ് കമ്മറ്റി മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. അടുത്ത വർഷം നടപ്പിലാക്കേണ്ട ചില പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ മാത്രമാണ് വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ നൽകിയിട്ടുള്ളത്. ഉദാഹരണത്തിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗത്തിൽ കുടുംബശ്രീകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുക, അങ്കണവാടികൾക്ക് ഗ്യാസ് സ്റ്റൗ, കുക്കർ എന്നിവ വാങ്ങി നൽകുന്നതിന് ഫണ്ട് അനുവദിക്കുക, സ്ഥലമുള്ള

അങ്കണവാടികൾക്ക് കളിസ്ഥലം ഒരുക്കുന്നതിന് ഫണ്ട് അനുവദിക്കുക, അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്നതിന് ഫണ്ട് അനുവദിക്കുക എന്നീ ശുപാർശകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ബജറ്റ് നിർദ്ദേശങ്ങൾ നൽകുന്നതിൽ സ്റ്റാൻഡിംഗ് കമ്മറ്റികളിൽ സജീവമായ ചർച്ച നടക്കുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരം വിശദീകരണങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തി യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമം പാലിച്ചു എന്ന് ഉറപ്പാക്കുന്നതിനുള്ള രേഖകളൊന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് പാസ്സാക്കുന്നതിൽ ഭരണസമിതിയുടേയും സ്റ്റാൻഡിംഗ് കമ്മറ്റികളുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 05.06.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(5)/2018 തീയതി. 04.07.2018 | വിശേഷണങ്ങളോടു കൂടിയത് |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13340483 |
| വരവ് | 67154635 |
| ആകെ | 80495118 |
| ചെലവ് | 68071251 |
| നീക്കിയിരിപ്പ് | 12423867 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 18029413 | 18029413 | 17967014 | 62399 |
| വികസനഫണ്ട് എസ്.സി.പി | 0 | 4021543 | 4021543 | 4020468 | 1075 |
| വികസനഫണ്ട് ടി.എസ്.പി | 0 | 141942 | 141942 | 132547 | 9395 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 1436000 | 1436000 | 1419513 | 16487 |
| മെയിന്റനൻസ് ഗ്രാന്റ് | 0 | 3895000 | 3895000 | 1794393 | 2100607 |

| | | | | | |
|---|---|---|---|---|---|
| നോൺ റോഡ് | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7223836 | 7223836 | 4578948 | 2644888 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 3299367 | 3299367 | 3031870 | 267497 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 3689229 | 8302000 | 11991229 | 10715212 | 1276017 |
| എസ്.ബി.ഐ ലിറ്ററസി | 0 | 49300 | 49300 | 29855 | 19445 |
| എസ്.ബി.ഐ ഡിസ്ട്രസ് റിലീഫ് ഫണ്ട് | 1630 | 100 | 1730 | 118 | 1612 |
| എം.എൻ.ആർ.ഇ.ജി.എസ്. | 10367 | 1149272 | 1159639 | 685615 | 474024 |
| എസ്.ബി.ഐ പൈക്ക | 300000 | 0 | 300000 | 0 | 300000 |
| എസ്.ബി.ഐ ഓൺലൈൻ അക്കൌണ്ട് (തനതുഫണ്ട്) | 1022060 | 1894393 | 2916453 | 2262931 | 653522 |
| ബി ഫണ്ട് | 0 | 178080 | 178080 | 178080 | 0 |
| തനത് ഫണ്ട് | 3504630 | 19509527 | 23014157 | 20567754 | 2446403 |
| ക്യാഷ് (തനത് ഫണ്ട്) | 186588 | 339140 | 525728 | 186588 | 339140 |
| മറ്റിനം ആർ.ജി.പി.എസ്.എ, കോർപ്പസ് ഫണ്ട് | 2442000 | - | 2442000 | - | 2442000 |
| ഐ.സി.ഡി.എസ്. | 376404 | 609426 | 985830 | 0 | 985830 |
| അഗതി ആശ്രയ | 153650 | 430185 | 583835 | 445425 | 138410 |
| സ്വച്ച് ഭാരത് മിഷൻ | 0 | 1200000 | 1200000 | 0 | 1200000 |
| എസ്.എസ്.എ | 24181 | 901 | 25082 | 0 | 25082 |
| സാനിറ്റേഷൻ | 1574500 | 547558 | 2122058 | 0 | 2122058 |
| റ്റി.പി അക്കൗണ്ട് | 324 | 0 | 324 | 0 | 324 |
| എസ്.ബി.ഐ പറയകാട് | 54920 | 0 | 54920 | 54920 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 192 | 76254746 | 112 | 35588422 | 54 | 26 | 58.33 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10367 | 1149272 | 1159639 | 685615 | 474024 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 26493990 | 26493990 | 26493990 | 0 |
| മെറ്റീരിയൽസ് സപ്ലൈ | 0 | 2662395 | 2662395 | 2662395 | 0 |
| ആകെ | 10367 | 30305657 | 30316024 | 29842000 | 474024 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 178080 | 301 |
| കർഷകതൊഴിലാളി പെൻഷൻ | 2739000 | 221 |
| വിധവാ പെൻഷൻ | 8294300 | 701 |
| വാർദ്ധക്യകാല പെൻഷൻ | 27651200 | 2324 |
| വികലാംഗ പെൻഷൻ | 3471600 | 296 |
| അവിവാഹിത പെൻഷൻ | 1145600 | 97 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 60000 | 2 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.07.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14050/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഓഫീസ് ഓർഡർ രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. 30.11.2015 ന ശേഷം 22.04.2017ലാണ് ഓഫീസ് ഓർഡർ രജിസ്റ്റർ എഴുതിയിട്ടുള്ളത്. 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ജോലി വിഭജനം നടത്തിയതിന്റെ വിവരങ്ങൾ ഓഫീസ് ഓർഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
3. ഗ്രാമ പഞ്ചായത്തിൽ പണം സൂക്ഷിക്കുന്നതിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
4. ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ (എം.എസ്.) 123/2009 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നില്ല.

1. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കുന്ന അപേക്ഷകൾക്കും പരാതികൾക്കും യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല.
2. തപാലുകൾ സെക്ഷനുകൾ സ്വീകരിക്കുമ്പോൾ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിൽ ഡേറ്റ് വച്ച് ഒപ്പിടുന്നില്ല.
3. എന്തെങ്കിലും വിവരങ്ങൾ ശേഖരിക്കേണ്ടി വരുമ്പോഴും ഏതെങ്കിലും വിവരങ്ങൾ സെക്ഷനോ, ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേക്കോ തിരിച്ചോ കൈമാറേണ്ടി വരുമ്പോഴും അവ മെസേജ് ബുക്ക് വഴി നൽകേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ മെസേജ് ബുക്ക് സൂക്ഷിച്ചിട്ടില്ല.
4. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.
5. ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും വിലയിരുത്തൽ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.
6. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ ജി.ഒ(എം.സ്) 123/2009തീയതി 02.07.2009 അനുബന്ധം 6 പ്രകാരമുള്ള നിശ്ചിത മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.06.2018 | 5/18 | 09.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.2018 | 2012-13 മുതൽ 2016-17 വരെ | 21.06.2018 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ച് വിശേഷണങ്ങളോടുകൂടിയ സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് അപാകതകൾ പരിഹരിച്ച് വാർഷിക കണക്ക് റിവൈസ് ചെയ്ത് നൽകിയെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല എന്നുള്ള അപാകത നിലനിൽക്കുന്നു.

## 1-13 പദ്ധതി രൂപീകരണം

ആസൂത്രണസമിതി

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 16.01.2017-ലെ തീരുമാനം 3 പ്രകാരം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട 13 അംഗങ്ങളുള്ള ആസൂത്രണസമിതി രൂപീകരിച്ചു. 17.01.2017-ലെ പഞ്ചായത്ത് കമ്മറ്റി യോഗത്തിൽ ആയത് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 09.01.2017-ലെ ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസൂത്രണസമിതി അംഗങ്ങളുടെ പട്ടിക ഫാറം 1 – ൽ തയ്യാറാക്കി നടപടി ഉത്തരവായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാദേശികാസൂത്രണവുമായി ബന്ധപ്പെട്ട് തദ്ദേശസ്ഥാപനം സംഘടിപ്പിച്ച ആലോചനായോഗങ്ങൾക്ക് ആവശ്യമായ കുറിപ്പുകൾ തയ്യാറാക്കി നൽകുകയോ പദ്ധതി ആസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തി ഭരണസമിതിക്ക് റിപ്പോർട്ട് നൽകുകയോ ചെയ്തിട്ടില്ല. പ്രദേശത്തിന്റെ വികസനം സംബന്ധിച്ച് ആരോഗ്യകരമായ സംവാദങ്ങൾ പ്രോത്സാഹിപ്പിക്കുക, തദ്ദേശഭരണ പ്രദേശത്തിന്റെ ദീർഘകാല വികസന പരിപ്രേഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക എന്നീ ലക്ഷ്യങ്ങളോടെ രൂപീകരിച്ചിട്ടുള്ള ആസൂത്രണസമിതിയുടെ യോഗങ്ങളിൽ ക്രിയാത്മകവും സജീവവുമായ ചർച്ചകൾ നടന്നിട്ടില്ല. മുൻകാല പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തവും പ്രദേശത്തിന്റെയും ജനങ്ങളുടെയും വികസനത്തിനും ക്ഷേമത്തിനും അനുയോജ്യമായ പ്രോജക്ടുകൾ കണ്ടെത്തുന്നതിനും ആവശ്യമായ ചർച്ചകളൊന്നും തന്നെ ആസൂത്രണ സമിതിയോഗങ്ങളിൽ നടന്നിട്ടില്ല. സ്റ്റേക്ക് ഹോൾഡർമാരുമായി കൂടിയാലോചന നടത്തിയിട്ടുണ്ട്. എന്നാൽ സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ചയിൽ മാലിന്യസംസ്കരണവും പ്ലാസ്റ്റിക് നിർമ്മാർജ്ജനവുമാണ് വിഷയമായിട്ടുള്ളത്. ഈ മേഖലയിൽ തുക വകയിരുത്തുന്നതല്ലാതെ പ്രോജക്ടുകളൊന്നും തന്നെ 2017-18 വർഷം നടപ്പാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുന്നതിൽ വീഴ്ച വരുത്തിയതായി മിനിട്സ് ബുക്കുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു.

16.01.2017-ലെ വികസന സ്റ്റാൻഡിംഗ് കമ്മറ്റിയുടെ തീരുമാന പ്രകാരം 2017-18 വർഷത്തേക്ക് ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) കണക്കുകൾ രേഖകൾ തയ്യാറാക്കൽ ജനസേവനം കാര്യക്ഷമമാക്കൽ

2) കൃഷിയും അനുബന്ധമേഖലകളും

3) മൃഗസംരക്ഷണവും ക്ഷീരവികസനവും

4) പ്രാദേശിക സാമ്പത്തിക വികസനം

5) മത്സ്യബന്ധനം

6) പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ)

7) ദാരിദ്ര്യ ലഘൂകരണം ( പാർപ്പിടം ഉൾപ്പെടെ)

8) സാമൂഹ്യക്ഷേമം

9) പട്ടികജാതി വികസനം

10) പട്ടികവർഗ്ഗ വികസനം

11) സ്ത്രീകളുടേയും കുട്ടികളുടേയും വികസനം

12) ആരോഗ്യം

13) കുടിവെള്ളം ശുചിത്വം മാലിന്യപരിപാലനം

14)വിദ്യാഭ്യാസം, സംസ്കാരം, കല, കായികവികസനം, ക്ഷേമം

മേൽ സൂചിപ്പിച്ച വർക്കിംഗ് ഗ്രൂപ്പുകളിൽ പ്രാദേശിക സാമ്പത്തിക വികസനം, പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ), ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, കല, കായികവികസനം, ക്ഷേമം എന്നിവ മാത്രം 2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് രണ്ടു യോഗങ്ങൾ ചേർന്നിട്ടുള്ളതായി കാണുന്നു (രണ്ടാമത്തെ യോഗം വികസന സെമിനാർ എന്നാണ് കാണിച്ചിട്ടുള്ളത്). പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് ബുക്കുകൾ ഹാജരാക്കിയിട്ടില്ല. ഓരോ പ്രോജക്റ്റിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

ഗ്രാമസഭ

പദ്ധതി നടത്തിപ്പിന്റെ അടിസ്ഥാനം ഗ്രാമസഭയാണ്. മാത്രമല്ല ഗ്രാമസഭയാണ് ഗുണഭോക്താക്കളെ കണ്ടെത്തേണ്ടത്. അതുകൊണ്ടുതന്നെ ഗ്രാമസഭയ്ക്കുള്ള അധികാരങ്ങളും അനവധിയാണ്. എന്നാൽ ഗ്രാമസഭയിലെ ജനപങ്കാളിത്തം കുറയുന്നതിനാലും ക്രിയാത്മകമായ ചർച്ചകളുടെ അഭാവത്താലും ഗ്രാമസഭകൾക്ക് അവയുടെ അധികാരങ്ങൾ പ്രയോജനപ്പെടുത്താനാവുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 6 പ്രകാരം മുൻവർഷത്തെ വികസന പരിപാടികളേയും നടപ്പുവർഷത്തിൽ ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന വികസന പരിപാടികളേയും അതിനുവേണ്ടി വരുന്ന ചെലവിനേയും സംബന്ധിച്ച ഒരു റിപ്പോർട്ടും മുൻവർഷ വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ഭരണനിർവ്വഹണത്തിന്റെ ഒരു റിപ്പോർട്ടും വാർഷിക ആദ്യ യോഗത്തിൽ ഗ്രാമസഭ മുമ്പാകെ ഗ്രാമപഞ്ചായത്ത് വയ്ക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് ഗ്രാമസഭകളിൽ അവതരിപ്പിച്ചിട്ടില്ല.

അതുപോലെ പഞ്ചവത്സരപദ്ധതിയുടെ പൊതു കാഴ്ചപ്പാടും നയസമീപനങ്ങളും വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടത്തേണ്ട പദ്ധതികളെപ്പറ്റിയും ഗ്രാമസഭകളിൽ വിശദീകരണം നൽകിയതായി കാണുന്നില്ല.

വകുപ്പ് 3എ പ്രകാരം ഗ്രാമസഭകൾക്കുള്ള അധികാരങ്ങളും ചുമതലകളും അവകാശങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്യേണ്ടതും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും സമാഹരിക്കുന്നതിനും ഗ്രാമ പഞ്ചായത്തിനെ സഹായിക്കേണ്ടതുമാണ്. അതുപോലെ വകുപ്പ് 3ബി പ്രകാരം നിർണ്ണയിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങൾ ഗ്രാമസഭകൾ ഏറ്റെടുത്തിട്ടുള്ളതായി കാണുന്നില്ല.

2017-18 വർഷം വിളിച്ചുചേർത്തിട്ടുള്ള ഗ്രാമസഭകളിൽ ക്രിയാത്മകമായ ചർച്ചകളൊന്നും നടന്നിട്ടില്ല. പദ്ധതി രൂപീകരണ ഗ്രാമസഭകളിൽ റോഡ് നിർമ്മാണം/റിപ്പയർ വീട് റിപ്പയർ തുടങ്ങിയ കാര്യങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളത്. മറ്റ് പദ്ധതികളെപ്പറ്റി ചർച്ച നടത്തിയിട്ടില്ല. പദ്ധതി രൂപീകരണഗ്രാമസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പങ്കെടുത്തതായി കാണുന്നില്ല.

പദ്ധതി രൂപീകരണത്തിന്റെ അടിത്തറ തന്നെ ഗ്രാമസഭകൾ ആണെന്നിരിക്കെ ആ വാർഡിന്റെ വിഭവങ്ങളും വിനിയോഗമാർഗ്ഗങ്ങളും ആവശ്യങ്ങളും ഉത്തരവാദിത്വങ്ങളും ഏറ്റെടുത്ത് ഗ്രാമപഞ്ചായത്തിന്റെ വികസനത്തിനായി ഗ്രാമസഭകൾ ഉണർന്നുപ്രവർത്തിക്കേണ്ടതാണ്.

മത്സ്യസഭ

ഗ്രാമപഞ്ചായത്തിന്റെ എല്ലാ വാർഡുകളിലെ ധാരാളം മത്സ്യത്തൊഴിലാളികളുണ്ട്. ഇവർക്കായി എല്ലാ വർഷവും ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. കുറഞ്ഞത് 25 മത്സ്യത്തൊഴിലാളികളെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ള

വാർഡുകളിൽ ഗ്രാമസഭയ്ക്ക് മുമ്പായി മത്സ്യസഭ നിർബന്ധമായും വിളിച്ച് ചേർക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ 2017-18 വാർഷിക പദ്ധതിയുമായി ബന്ധപ്പെട്ട് മത്സ്യസഭ കൂടിയിട്ടില്ല.

വികസന സെമിനാർ

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വികസന സെമിനാർ സംഘടിപ്പിച്ചതിന്റെ മിനിട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പരമാവധി ജനപങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക് രൂപം നൽകുക എന്നതാണ് വികസന സെമിനാറിന്റെ ലക്ഷ്യം. വികസന സെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കേണ്ടതുമാണ്. പദ്ധതി രൂപീകരണ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നാണ് മേൽ സൂചിപ്പിച്ചതിൽ നിന്നും വ്യക്തമാകുന്നത്.

സ്റ്റാൻഡിംഗ് കമ്മറ്റികൾ

പദ്ധതി അവലോകനം നടത്തുന്നതിലും പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിലും സ്റ്റാൻഡിംഗ് കമ്മറ്റികൾ നിർണ്ണായക പങ്ക് വഹിക്കേണ്ടതാണ്. എന്നാൽ സ്റ്റാൻഡിംഗ് കമ്മറ്റികൾ ഇക്കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. 22.12.2017 – ലെ 2(1) തീരുമാനപ്രകാരം 2017-18 വർഷത്തെ പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ടാഴ്ച കൂടുമ്പോൾ സ്റ്റാൻഡിംഗ് കമ്മറ്റികൾ യോഗം ചേർന്ന് പദ്ധതികൾ അവലോകനം ചെയ്യുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം സ്റ്റാൻഡിംഗ് കമ്മറ്റികളിൽ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു. എന്നാൽ ഇതിനു ശേഷം സ്റ്റാൻഡിംഗ് കമ്മറ്റികൾ രണ്ടാഴ്ച കൂടുമ്പോൾ യോഗം ചേരുകയോ നിർവ്വഹണ ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാൻഡിംഗ് കമ്മറ്റി | യോഗം ചേർന്ന തീയതി | കുറിപ്പ് |
|---|---|---|
| ധനകാര്യം | 10.01.2018, 26.02.2018, 26.03.2018 | |
| വികസനം | 01.01.2018, 22.01.2018, 20.02.2018, 02.03.2018, 13.03.2018 | |
| ക്ഷേമകാര്യം | 05.01.2018,21.02.2018, 13.03.2018, 20.03.2018 | 05.01.2018-ലെ മീറ്റിംഗിൽ വി.ഇ.ഒ ശ്രീ.മഹേഷ്,ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരും 21.02.2018-ലെ മീറ്റിംഗിൽ സെക്രട്ടറിയും പങ്കെടുത്തു. |
| ആരോഗ്യ - വിദ്യാഭ്യാസം | 25.01.2018, 23.02.2018, 13.03.2018 | |

പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശപ്രകാരമുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവത്സരപദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട 09.01.2017-ലെ ജി.ഒ.(എം.എസ്) 10/2017/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശപ്രകാരം താഴെ പറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1) 12-ാം പഞ്ചവത്സരപദ്ധതിയുടെ 2012-13, 13-14, 14-15, 15-16 വാർഷിക പദ്ധതികളിൽ നടപ്പിലാക്കിയ

പ്രോജക്ടുകളുടെ വിശദവിവരങ്ങൾ (ഫോറം 3).

2) 2016-17 വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ (ഫോറം 4)

3) പ്രശ്ന വിശകലനങ്ങളും പ്രശ്ന പരിഹാര സാധ്യതകളും (ഫോറം 5)

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി

ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 2017-18 വർഷത്തിൽ 14 യോഗങ്ങൾ ചേർന്നിട്ടുണ്ട്. യോഗങ്ങളിൽ പ്രതിമാസ വരവ്- ചെലവ് കണക്കുകൾ പരിശോധിച്ച് അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് ശുപാർശ ചെയ്യുന്നുണ്ട്. നികുതി സംബന്ധമായി വസ്തുനികുതി പരിഷ്കരണം, പരാതി പരിഹാര അദാലത്തുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരുമാന വർദ്ധനവിനായി പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. നികുതി നിർണ്ണയം നടത്താതെ പ്രവർത്തനം നടത്തി വരുന്ന

ഓഡിറ്റോറിയങ്ങൾക്കെതിരെയും രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച് വരുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ, പീലിംഗ് ഷെഡുകൾ എന്നിവയ്ക്കെതിരെയും നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും അതിനായി ടിയാളുകളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ലൈസൻസ്/രജിസ്ട്രേഷൻ എന്നിവ എടുപ്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുള്ള "സിൽക്ക്" എന്ന സ്ഥാപനത്തിനെതിരായി ജപ്തി - പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ ശുപാർശ ചെയ്തെങ്കിലും നടപടികളിലേക്ക് പോകുന്നതിനു മുൻപുതന്നെ സ്ഥാപനം നികുതി പൂർണ്ണമായും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. സമ്പൂർണ്ണനികുതി സമാഹരണപ്രവർത്തനം നടത്തുന്നതിന് വിവിധ കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും നികുതി സമാഹരണത്തിന്റെ പുരോഗതി നിരീക്ഷിച്ചതിന്റെയും ഫലമായി 87% നികുതി ലഭിച്ചിട്ടുണ്ട്.

തനത് ഫണ്ടിൽ നിന്നും 1,00,625/- രൂപ വീതം പ്രതിമാസം പൊതു ടാപ്പുകളുടെ വെള്ളക്കരം അടയ്ക്കുന്നത് കുറവ് ചെയ്യുന്നതിനായി ഉപയോഗ ശൂന്യമായ പൊതു ടാപ്പുകളുടെ വാർഡുതല കണക്കെടുപ്പ് നടത്തി പഞ്ചായത്തിനെ അറിയിക്കുന്നതിനായി അതാത് ജനപ്രതിനിധികളെ ചുമതലപ്പെടുത്തി തീരുമാനം എടുത്തത് വഴി ധനനഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും തുടർനിരീക്ഷണങ്ങൾ ഇല്ലാത്തതിനാൽ ആയത് ഇതുവരെ നടപ്പിലായിട്ടില്ല.

പദ്ധതി വിഹിതം പൂർണ്ണമായി വിനിയോഗിക്കുന്നതിന്റെ പുരോഗതി കണക്കാക്കി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുവാനും, ആയത് വിലയിരുത്തുന്നതിന് ജനപ്രതിനിധികളെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചതിന്റെ ഫലമായി 96.3% പദ്ധതി പണം വിനിയോഗിക്കുവാൻ സാധിച്ചിട്ടുണ്ട്.

തനത് വരുമാന വർദ്ധനവിനായി പുതിയ മാർഗ്ഗങ്ങൾ സ്വീകരിച്ചതായി കാണുന്നില്ല. സ്റ്റാൻഡിംഗ് കമ്മിറ്റി കൈകാര്യം ചെയ്യേണ്ട വിഷയങ്ങളിൽ എല്ലാംതന്നെ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും തീരുമാനമെടുക്കുന്ന കാര്യങ്ങളിൽ തുടർ നിരീക്ഷണങ്ങൾ നടത്തിയാൽ പഞ്ചായത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താവുന്നതാണ്.

2-1-1) <u>ഡി & ഒ ലൈസൻസ് - ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ അനധികൃതമായി പ്രവർത്തിക്കുന്നു</u>

ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 23.5.2017ലെ യോഗ തീരുമാനപ്രകാരം രജിസ്ട്രേഷൻ/ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/പീലിംഗ് ഷെഡുകൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ടെങ്കിലും 2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തതിനു ശേഷം താഴെപ്പറയുന്ന വ്യക്തികൾ 2017-18 വർഷത്തിൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം. | പേര്/ വിലാസം | നമ്പർ | ലൈസൻസ് |
|---|---|---|---|
| 1 | അബ്ദുൾ നാസർ പണ്ടാരപ്പാട്ടത്തിൽ | II,269 A | പി,വി.സി.പൈപ്പ്.കമ്പി വിൽപ്പന |
| 2 | നവീൻ കെ.എ,H.No.13/665,ചുള്ളിക്കൽ | III/10A | ഫ്രോസൺ ഫിഷ് |
| 3 | മനോജ് കുമാർ | IX/398 | സൂപ്പർ മാർക്കറ്റ് |
| 4 | ജോൺസൻ,കാക്കശേരിൽ,പള്ളിത്തോട് | I/233 | ബേക്കറി |

പഞ്ചായത്തിന്റെ കടമുറികൾ വാടകയ്ക്ക് എടുത്തിരിക്കുന്നവർ 2017-18 സാമ്പത്തിക വർഷത്തിലും ഡി&ഒ ലൈസൻസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി പ്രകാരം ചെമ്മീൻ പീലിംഗ് ഷെഡുകൾ, പാലക്കുഴിയിൽ ടിമ്പേഴ്സ് എന്നിവയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ല എന്നും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നവർ ക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവടസ്ഥാപനങ്ങളെയും വ്യവസായിക സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുകയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നവയെ കണ്ടെത്തി സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്.

2-1-2) <u>സ്ഥിരനിക്ഷേപ പലിശക്ക് ഈടാക്കിയ ആദായനികുതിക്ക് റീഫണ്ട് വാങ്ങുന്നില്ല</u>

ഗ്രാമപഞ്ചായത്ത് 50,00,000 രൂപ 13.04.2016 മുതൽ ജില്ലാ സഹകരണ ബാങ്ക്, കുത്തിയതോട് ബ്രാഞ്ചിൽ 4014/60/01/003342 നമ്പർ സ്ഥിരനിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ട്. നിക്ഷപസംഖ്യയോടൊപ്പം ലഭിക്കുന്ന പലിശയും ചേർത്ത് 180 ദിവസത്തേക്ക് വീതം നിക്ഷേപം പുതുക്കി വരുകയാണ്. സ്ഥിരനിക്ഷേപം ഓരോ തവണ പുതുക്കുമ്പോഴും ലഭിക്കുന്ന പലിശയിൽ നിന്നും ബാങ്ക് ഈടാക്കുന്ന ആദായനികുതി കുറച്ച് ബാക്കി പലിശ മാത്രമാണ് നിക്ഷേപത്തിനൊപ്പം പുതുക്കി നൽകുന്നത്. നിക്ഷേപം ആരംഭിച്ച തീയതി മുതൽ ഓഡിറ്റ് കാലയളവ് (2017-18) വരെ ലഭിച്ച സ്ഥിരനിക്ഷേപപലിശ, ഈടാക്കിയ ആദായനികുതി എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| തീയതി | നിക്ഷേപം | നിക്ഷേപ കാലാവധി | പലിശ നിരക്ക് | പലിശ | ഈടാക്കിയ ആദായനികുതി |
|---|---|---|---|---|---|
| 13.04.2016 | 50,00,000 | 180 days | 8% | 197260 | 19,726 |
| 12.10.2016 | 51,77,534 | 180 days | 8% | 204264 | 31,916 |
| 09.04.2017 | 53,49,882 | 180 days | 8.25% | 217660 | 21,766 |
| 05.10.2017 | 55,45,776 | 180 days | 7.75% | 211955 | 21,196 |
| | | | | ആകെ | 94,604 |

1961 ലെ ആദായനികുതി നിയമം, സെക്ഷൻ 10 (20) പ്രകാരം തദ്ദേശ സ്ഥാപനങ്ങളുടെ (ലോക്കൽ അതോറിറ്റി) വരുമാനത്തിന് ആദായനികുതി ബാധകമല്ല. എന്നാൽ സ്ഥിരനിക്ഷേപം ആരംഭിച്ചതു മുതൽ ബാങ്ക് റ്റി.ഡി.എസ് ഈടാക്കുന്നുണ്ട്. തെറ്റായി ഈടാക്കിയ ആദായനികുതി മാസങ്ങൾക്ക് ശേഷം യാതൊരു പലിശയുമില്ലാതെയാണ് തിരികെ ലഭിക്കുന്നത്. ഇതാകട്ടെ ബാങ്കിന്റെ കറന്റ് അക്കൗണ്ടിലേക്കാണ് നൽകുന്നത്. തൻമൂലം ആദായനികുതിയായി ഈടാക്കിയ തുകയുടെ പലിശ, പുതുക്കുന്ന സ്ഥിരനിക്ഷേപത്തിൽ നിന്ന് സ്ഥിരമായി ഒഴിവാക്കപ്പെടുകയാണുണ്ടാവുന്നത്. ഇത് മൂലം ആദായനികുതിയായി ഈടാക്കുന്ന തുകയിൽ നിന്നുള്ള വരുമാനം പിന്നീട് ലഭിക്കാത്ത സ്ഥിതിയുണ്ട്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം 2017-18 ൽ 53,682 രൂപ സ്രോതസ്സിൽ നിന്നും നികുതിയായി ബാങ്ക് ഈടാക്കിയിട്ടുണ്ട്. തെറ്റായി സ്രോതസ്സിൽ നിന്നും ആദായനികുതി ഈടാക്കിയതും നികുതി റീഫണ്ടായി തിരികെ ഈടാക്കാത്തതും വാർഷിക ധനകാര്യപത്രികയിൽ ചെലവിനത്തിലുള്ള പൊരുത്തക്കേടും ഈ വിഷയങ്ങൾക്ക് ചുമതലപ്പെട്ട ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ചതായോ ചർച്ച ചെയ്തതായോ വിവരങ്ങൾ ലഭ്യമല്ല. നികുതി വിമുക്തമായ തദ്ദേശസ്ഥാപനങ്ങളുടെ വരുമാനത്തിൽ നിന്നും ആദായ നികുതി ഈടാക്കുന്നത് അവസാനിപ്പിക്കുന്ന തിനായി നികുതി ഇളവിന്റെ വിവരങ്ങൾ ബാങ്കിന് കൃത്യമായി നൽകുന്നതിനും കുറവ് ചെയ്യുന്നതിനും തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2-1-3) അനധികൃത കെട്ടിടത്തിന് നിയമാനുസൃത നമ്പർ അനുവദിച്ചു

കുത്തിയതോട് ഗ്രാമപഞ്ചായത്ത് 2017-18 ലെ വസ്തു നികുതി സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ഒന്നാം വാർഡിൽ ശ്രീ.ബഞ്ചമിൻ ജൂഡ്, അരേശ്ശേരിൽ എന്നയാളുടെ പേരിലുള്ള തീരദേശ പരിപാലന നിയമപ്രകാരം CRZ പരിധിയിൽ വരുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചതായും (നം-4157/16-17 dtd 15.12.2016) പിന്നീട് കെട്ടിടം അസസ് ചെയ്ത് നിയമാനുസൃത നമ്പർ (1/231 A, 1/231 B, 1/231 C) അനുവദിച്ചതായും കണ്ടെത്തിയിട്ടുണ്ട്. കടലിൽ നിന്നും 110 മീറ്റർ മാത്രം അകലത്തിലുള്ള CRZ പരിധിയിൽ വരുന്ന കെട്ടിടത്തിന് ക്രമവിരുദ്ധമായി വാണിജ്യാവശ്യത്തിനുള്ള നിർമ്മാണ അനുമതി നൽകിയതും നിർമ്മാണ അനുമതി ക്രമവിരുദ്ധമാണ് എന്ന് ബോധ്യപ്പെട്ടിട്ടും ആയത് റദ്ദാക്കാതെ കെട്ടിടത്തിന് നിയമാനുസൃത നമ്പർ നൽകിയതിനും വിശദീകരണം നൽകേണ്ടതാണ്. ഈ കെട്ടിടത്തിന്റെ മുകളിൽ പെർമിറ്റില്ലാതെ 3 മുറികൾ നിർമ്മിച്ചിട്ടുള്ളതായും അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിട്ടുണ്ട്. ഈ അനധികൃത നിർമ്മാണത്തിനെതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.31/19.07.2018) നൽകിയെങ്കിലും യാതൊരു മറുപടിയും നൽകിയിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാതെ അംഗീകാരം നൽകിയ നടപടി ക്രമവിരുദ്ധമാണ്.

2-1-4) ടി.എസ്.ബി ജോയിന്റ് വെഞ്ചർ അക്കൗണ്ട്

23.01.2017-ലെ ജി.ഒ.(പി) നം.07/2017/Fin ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടുകൾക്കായി ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിച്ചിട്ടില്ല. തനതുഫണ്ട് സൂക്ഷിച്ചുവരുന്ന ട്രഷറി ടി.എസ്.ബി അക്കൗണ്ടിലാണ് നിക്ഷേപിച്ചുവരുന്നത്. സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

2-1-5) പൗരാവകാശരേഖ

2004-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ) ചട്ടങ്ങൾ പ്രകാരം പൊതുതെരഞ്ഞെടുപ്പ് കഴിഞ്ഞ് ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ ചട്ടങ്ങൾ പ്രകാരമുള്ള പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. ഇതനുസരിച്ച് 2016-ൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 9-ാം ചട്ടപ്രകാരം പൗരാവകാശ രേഖ വർഷത്തിലൊരിക്കൽ പഞ്ചായത്ത് ചർച്ച ചെയ്ത് പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഇതുവരെ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിച്ചു കൊള്ളുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

(1) മൃഗസംരക്ഷണ മേഖലയിലെ പ്രോജക്ടുകൾ

പദ്ധതി മാർഗ്ഗരേഖയിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ വകയിരുത്തുന്നതിന് പാലിക്കേണ്ട വ്യവസ്ഥകളും അവ സമന്വയിപ്പിക്കുന്നതിനാവശ്യമായ നടപടികളും സംബന്ധിച്ച് പൊതു നിർദ്ദേശങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലയുമായി ബന്ധപ്പെട്ടുള്ള പ്രോജക്ടുകൾ പരസ്പരം ആശ്രയിക്കുന്നതിനാൽ ഈ രണ്ടു മേഖലകളും പരിഗണിച്ചുവേണം നടപ്പാക്കേണ്ട പ്രോജക്ടുകൾ തെരഞ്ഞെടുക്കേണ്ടത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനായി മുഖ്യ തൊഴിലായോ ഉപതൊഴിലായോ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻഗണന നൽകി തൊഴിൽ ലാഭകരമാക്കുവാനും ഉല്പാദനവർദ്ധനവിനും ഉതകുന്ന പ്രോജക്ടുകളാണ് അഭികാമ്യം.

1. മൃഗസംരക്ഷണം, ക്ഷീരവികസനം വർക്കിംഗ് ഗ്രൂപ്പ് 2017-2022 വർഷ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടിൽ 2012-ലെ ലൈവ് സ്റ്റോക്ക് സെൻസസ് പ്രകാരം പശു/എരുമ വളർത്തുന്ന 77 കുടുംബങ്ങളും ആടു വളർത്തുന്ന 643 കുടുംബങ്ങളും കോഴി വളർത്തുന്ന 1000കുടുംബങ്ങളും ഉണ്ടെന്നു പറയുന്നു. എന്നാൽ പ്രോജക്ട് രൂപീകരണ വേളയിൽ വർക്കിംഗ് ഗ്രൂപ്പിൽ ഇവ അവതരിപ്പിക്കുകയോ ഇതു പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/13.07.2018) പ്രോജക്ട് രൂപീകരിക്കുന്ന വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ ആവശ്യപ്പെട്ട കാര്യങ്ങൾ മാത്രമേ ചർച്ച ചെയ്യുവാൻ പറ്റിയുള്ളൈന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ നിർദ്ദേശങ്ങൾ ചർച്ച ചെയ്യുവാൻ പറ്റിയില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഇത് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഗൗരവമായി കാണേണ്ടതും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നതെന്ന് ഉറപ്പാക്കുകയും വേണം.
2. സ്റ്റാറ്റസ് റിപ്പോർട്ടിലെ അവസ്ഥാവിശകലനത്തിൽ കന്നുകാലി വളർത്തലിന്റെ ലാഭം കുറയുന്നതാണ് ഈ മേഖലയിലെ പ്രധാന വിഷയമായി പറയുന്നത്. എന്നാൽ ലാഭം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോജക്ടുകളെ സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ച ചെയ്തതായി കാണുന്നില്ല. പകരം നഷ്ടം ലഘൂകരിക്കുവാനായി കാലിത്തീറ്റ വിതരണപദ്ധതികൾ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.
3. വികസന രേഖ 2017-22-ൽ പഞ്ചായത്തിനെ സമ്പൂർണ്ണ മുട്ട ഗ്രാമമാക്കുക എന്നത് ലക്ഷ്യമായി പറയുന്നു. എന്നാൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ വർക്കിംഗ് ഗ്രൂപ്പിലോ ഈ വിഷയം ചർച്ച ചെയ്തിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്കു (നം.9/13.07.2018) കർഷകർ ഇതിനോട് താല്പര്യം കാണിക്കാത്തതിനാലാണ് പ്രോജക്ടുകൾ നടപ്പാക്കാതിരുന്നതെന്നും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെടുന്നതും തെരുവുനായ ശല്യവും കോഴിവളർത്തലിന് ഭീഷണിയാണെന്നുമാണ് വെറ്ററിനറി സർജൻ അറിയിച്ചിട്ടുള്ളത്. ഈ കാര്യങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനയിൽ വന്നിട്ടില്ല.
4. പഞ്ചായത്തിൽ 457 നായകൾ ഉണ്ടെന്ന് സ്റ്റാറ്റസ് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ പേവിഷ നിർമ്മാർജ്ജന കാര്യങ്ങൾ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടില്ല. മാത്രമല്ല, മൃഗസംരക്ഷണ വകുപ്പിന്റെ റാബീസ് ഫ്രീ കേരള വാക്സിനേഷൻ കാംപെയ്ൻ എന്ന പദ്ധതി നിലവിൽവന്നുകൊണ്ടിരിക്കുന്നതു കൊണ്ടാണ് പഞ്ചായത്ത് പ്രോജക്ട് ഏറ്റെടുത്ത് നടത്താത്തതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. ഈ വിവരം സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടില്ല.
5. 2017-18 വർഷം നടപ്പാക്കിയ കന്നുകുട്ടി പരിപാലനം എന്ന പ്രോജക്ടിൽ 4 മുതൽ 6 മാസം വരെ പ്രായമുള്ള 48 കന്നുകുട്ടികൾക്കുവേണ്ടിയാണ് പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളത്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ 100 പശുക്കുട്ടികൾ ഉണ്ടെന്നാണ് പറയുന്നത്. എന്നാൽ കന്നുകുട്ടി പരിപാലനപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരുടെ എണ്ണം കാണിച്ചിട്ടില്ല. മാത്രമല്ല, വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രോജക്ടിന് അംഗീകാരം നൽകിയപ്പോൾ തൻവർഷം പദ്ധതിയിൽ ഉൾപ്പെടുത്തിയ 48 കന്നുകുട്ടികളുടെ വിവരങ്ങളോ മുൻവർഷങ്ങളിൽ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കന്നുകുട്ടികളുടെ വിവരങ്ങളോ ചർച്ച ചെയ്തിട്ടില്ല.

(2) കാർഷിക മേഖലയിലെ പ്രോജക്ടുകൾ

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കൃഷി ഓഫീസർ 14 പ്രോജക്ടുകൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നും 71,05,485 രൂപ വകയിരുത്തിയെങ്കിലും 46,36,729 രൂപ മാത്രമാണ് ചെലവഴിച്ചത്. പ്രോജക്ടുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ചില അപാകതകൾ കാണുന്നു.

കൃഷി ഭവനിലെ അടിസ്ഥാനവിവര രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻമൂലം ഇത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ജൈവ വൈവിധ്യ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. പഞ്ചായത്ത് വികസനരേഖ 2017-2022ൽ നൽകിയിരിക്കുന്ന അടിസ്ഥാനവിവരങ്ങൾ പ്രകാരം കൃഷി ചെയ്യുന്ന നെൽവയലുകളുടെ വിസ്തൃതി 58 ഹെക്ടർ എന്നും കൃഷിയോഗ്യമാണെങ്കിലും കൃഷി ചെയ്യാത്തത് 118 ഹെക്ടർ എന്നും കൃഷിയോഗ്യമല്ലാത്തത് 68 ഹെക്ടർ എന്നും കാണുന്നു. അതുപോലെ കൃഷിയോഗ്യമായ തരിശുഭൂമി 70 ഹെക്ടർ എന്നും അല്ലാത്തത് 33ഹെക്ടർ എന്നും കാണിച്ചിട്ടുണ്ട്. പച്ചക്കറി കൃഷി ചെയ്യുവാൻ പര്യാപ്തമായ ഭൂമിയുടെ അളവ് ആകെ തെങ്ങുകൾ തുടങ്ങിയ വിവരങ്ങൾ ഒരു രജിസ്റ്ററിലും ചേർത്തിട്ടില്ല. ഇത്തരം കാര്യങ്ങൾ വർക്കിംഗ് ഗ്രൂപ്പിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ചർച്ച ചെയ്യാതെയാണ് പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നം.10/13.07.2018) കൃഷിയും അനുബന്ധമേഖലകളും ഉൾപ്പെടുന്ന ഉല്പാദന മേഖലയ്ക്ക് 30% തുക നിർബന്ധിത വകയിരുത്തൽ ആയിരുന്നതിനാൽ കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും യോഗം വിളിച്ചിരുന്നു എന്നും എന്നാൽ ഇതു സംബന്ധിച്ച മിനിറ്റ്സ് സൂക്ഷിച്ചിട്ടില്ല എന്നുമാണ് കൃഷി ഓഫീസർ അറിയിച്ചിട്ടുള്ളത്. പ്രോജക്ടുകൾ സംബന്ധിച്ച് കൂടുന്ന യോഗങ്ങളുടെ വിശദമായ മിനിട്ട്സ് എഴുതി സൂക്ഷിക്കേണ്ടതാണ്.

കാർഷിക മേഖലയിലെ പ്രോജക്ടുകളെപ്പറ്റി സ്വീകരിക്കേണ്ട വികസന തന്ത്രങ്ങൾ, നടപ്പാക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ, തുടങ്ങിയവ കൃഷിയും അനുബന്ധമേഖലകളും ഉൾപ്പെടുന്ന വർക്കിംഗ് ഗ്രൂപ്പിലോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ വിശദമായ ചർച്ച നടത്തിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും ആവശ്യമായ പ്രോജക്ടുകളുടേയും ഉൾപ്പെടുത്തേണ്ട മാനദണ്ഡങ്ങളുടേയും രേഖകൾ നിർബന്ധമായി സ്റ്റാന്റിംഗ് കമ്മറ്റി ആവശ്യപ്പെടേണ്ടതും വിശദമായ ചർച്ചയിലൂടെ ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

ജലസേചന പമ്പ് സെറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം. S152/18)

കൃഷി ഓഫീസർ 2017-18 ൽ നടപ്പിലാക്കിയ ജലസേചന പമ്പ് സെറ്റ് സ്ഥാപിക്കൽ (പ്രോജക്ട് നം. S152/18) എന്ന പ്രോജക്ടിലെ ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

കാർഷികാവശ്യവും സാധ്യതയും സംബന്ധിച്ച് കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20 സെന്റ് എങ്കിലും കൃഷിയോഗ്യമായ ചെറുകിട നാമമാത്ര കർഷകർക്കാണ് പമ്പ്സെറ്റ് വിതരണം നടത്തേണ്ടത്. അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലോ കൃഷി ഓഫീസർ 13.10.17 ൽ വിളിച്ചുചേർത്ത ഗുണഭോക്തൃ യോഗത്തിലോ പങ്കെടുക്കാത്തവരെ ഉൾപ്പെടുത്തിയാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഇതിനായി ബിൽ നം.12/29.01.2018 പ്രകാരം 57784/- രൂപ പിൻവലിച്ച് ഗുണഭോക്താവിന് വിതരണം ചെയ്തു. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവരുടെ വിവരം താഴെ കൊടുക്കുന്നു.

| പേര് | അനുവദിച്ച തുക |
|---|---|
| സോമൻ | 5900 |
| ജയശ്രീ | 3711 |
| പി.എസ്. ശ്രീകുമാർ | 3500 |
| ഹരികൃഷ്ണൻ | 6340 |
| ഗോപാലകൃഷ്ണൻ നായർ | 4620 |
| പീറ്റർ | 4012 |
| സത്താർ | 4262 |
| കൃഷ്ണകുമാർ | 4765 |
| സുശീല | 4404 |
| ജോസഫ് | 4500 |
| എം.എസ്.ശ്രീകുമാർ | 7133 |
| ആകെ | 53147 |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസർ നൽകിയ

നൽകിയ മറുപടിയിൽ സ്വയം പമ്പ് സെറ്റ് വാങ്ങി സ്ഥാപിക്കാൻ ഗുണഭോക്താക്കൾ വിമുഖത കാണിച്ചതിനാലാണ് ഇതിനു തയ്യാറുള്ളവരെ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയതെന്ന് പറയുന്നു. ഈ ഗുണഭോക്താക്കളുടെ പേരുകൾ തുടർന്നു വരുന്ന ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം നൽകിയതു മൂലം ഉണ്ടായ 53147/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

(3) <u>പൊതുമരാമത്ത് പ്രവൃത്തികൾ - പഞ്ചായത്തിന്റെ വികസന കാഴ്ചപ്പാട് വ്യക്തമല്ല</u>

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സമഗ്ര വികസനവും പുരോഗതിയും പരിഗണിച്ചുള്ള പൊതുസമീപനം പൊതുമരാമത്ത് പ്രവൃത്തികളിൽ പ്രതിഫലിക്കുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട വികസന കാഴ്ചപ്പാട്, മുൻഗണനാക്രമം, ആവശ്യകത എന്നിവ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്യിട്ടില്ല. പകരം വിവിധ വാർഡുകളിലെ റോഡ് വർക്കുകൾക്ക് പ്രാധാന്യം നൽകി പ്രോജക്ടുകൾ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല, 2017-18 വർഷത്തെ പദ്ധതിരേഖയിലെ വികസന കാഴ്ചപ്പാട് നയസമീപനം, തന്ത്രം എന്നിവയിൽ റോഡ് വികസനം മാത്രമാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇക്കാര്യം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കണക്കിലെടുക്കേണ്ടതും പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. പദ്ധതി തെരഞ്ഞെടുപ്പ്, ആസൂത്രണം, നടപ്പാക്കൽ എന്നിവയിൽ കാണുന്ന അപാകതകൾ താഴെ പറയുന്നു.

20.02.2017-ൽ ചേർന്ന വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി 2016-17 വർഷത്തെ വാർഷിക പദ്ധതി അവലോകനം നടത്തിയെങ്കിലും പൊതുമരാമത്ത് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുകയോ നടപ്പാക്കാൻ പറ്റാത്ത പ്രോജക്ടുകളുടെ കാര്യം ചർച്ച ചെയ്യുകയോ ഇവ അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുകയോ ചെയ്യിട്ടില്ല. ഈ കമ്മറ്റി 2017-18 വർഷം (a) സ്വന്തമായി സ്ഥലമുള്ള അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുക (തീരുമാനം നം.7), (b) NCC ജംഗ്ഷനു സമീപം ഉള്ള പഞ്ചായത്തുവക വസ്തുവിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുക( തീരുമാനം നം.8), (c) 13-ാം വാർഡിൽ പഞ്ചായത്തുവക വസ്തുവിൽ മൃഗാശുപത്രി കെട്ടിടം നിർമ്മിച്ചു നൽകുക (തീരുമാനം നം.9) എന്നീ പ്രോജക്ടുകൾ നിർദ്ദേശിച്ചിരുന്നു. എന്നാൽ 2017-18 വർഷം ഇവയ്ക്ക് അംഗീകാരം നൽകിയിട്ടില്ല. ഈ പ്രോജക്ടുകൾ നടപ്പാക്കുവാൻ പറ്റാതെ വന്നതിന്റെ കാരണങ്ങൾ തുടർന്നുവരുന്ന കമ്മറ്റികളിൽ വിലയിരുത്തിയിട്ടില്ല.

22.02.2017-ൽ ചേർന്ന പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും 24.05.2017-ൽ ചേർന്ന വികസന സെമിനാറും അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കേണ്ട ഏതാനും പ്രോജക്ടുകളെപ്പറ്റി സൂചിപ്പിക്കുന്നുണ്ടെങ്കിലും ഇവയുടെ ആവശ്യകത, മുൻഗണനാക്രമം എന്നിവ ചർച്ച ചെയ്യിട്ടില്ല. പ്രോജക്റ്റ് ഏറ്റെടുത്തു നടത്തിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2017-18 വർഷം 73 പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിരുന്നത്. ഇതിൽ 43 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളും 28 എണ്ണം പുതിയ പ്രോജക്ടുകളുമാണ്. എന്നാൽ തൻവർഷം 23 സ്പിൽ ഓവർ പ്രോജക്ടുകളും 6 പുതിയ പ്രോജക്ടുകളും മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. റോഡ് കണക്റ്റിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ ആധാരമാക്കിയല്ല റോഡ് വികസനം നടപ്പാക്കിയിട്ടുള്ളത്. പ്രോജക്റ്റ് പത്രികയിൽ ചേർത്തിട്ടുള്ള യുണീക് നമ്പർ കൃത്യമല്ല. തൻമൂലം നടത്തിയിട്ടുള്ള ആസ്തി വികസന പ്രോജക്ടുകൾ നിലവിലുള്ള ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതാണോ എന്നു പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല, ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ഏറ്റെടുത്ത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് അംഗീകരിക്കാനാവാത്ത കാലതാമസം വന്നിട്ടുണ്ട്. ഉദാഹരണമായി 2015-16ൽ ആരംഭിച്ച 3-ാം വാർഡിൽ കന്നേൽ ചിരട്ടപ്പാലം റോഡ് ഫോർമേഷൻ എന്ന പ്രവൃത്തി 2015-16 ൽ S033/16 ആയും 2016-17 ൽ S058/17 ആയും 2017-18 ൽ S050/18 ആയും നടപ്പാക്കിയതായി കാണുന്നു. ഈ പ്രോജക്റ്റിൽ പൊതുവായി കാണപ്പെടുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

ഈ പ്രവൃത്തിയുടെ നടത്തിപ്പിനായി 07.06.2015 ൽ ഗുണഭോക്തൃസമിതി യോഗം ചേരുകയും കൺവീനറേയും ചെയർമാനേയും തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് 12.03.2017 ൽ പ്രവൃത്തി തീർത്ത് ആകെ ചെലവ് 3,02,600 രൂപയുടെ കണക്ക് അവതരിപ്പിച്ചു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ ഹാജരാക്കിയ രേഖകൾ പ്രകാരം 225 മീറ്റർ റോഡ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഗുണഭോക്തൃസമിതിയെ പ്രവൃത്തി ഏൽപ്പിക്കുയും ചെയ്തെങ്കിലും 179 മീറ്റർ സ്ഥലം മാത്രമേ വിട്ടുനൽകിയിട്ടുള്ളൂ എന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വന്നു. പ്രവൃത്തി ചെയ്യേണ്ട സ്ഥലം ഏറ്റെടുക്കാതെ പ്രവൃത്തിയുടെ പ്രാഥമിക നടപടികൾ ഏറ്റെടുത്ത നടപടി ക്രമപ്രകാരമല്ല.

ഈ പ്രവർത്തിയുടെ ആദ്യ അളവുപുസ്തകം 4/15-16പ്രകാരം പ്രവൃത്തി 27.01.2016-ൽ ആരംഭിച്ചതായി കാണുന്നു. രണ്ടാം അളവുപുസ്തകം 13/16-17 ൽ 13.03.2017-ൽ എർത്ത് വർക്കിന്റെ എസ്റ്റിമേറ്റ് എടുത്തതായും 29.08.2017-ൽ ചെക്ക് മെഷർമെന്റ് നടത്തിയതായും കാണുന്നു. 27.01.2016 – ൽ ആരംഭിച്ച പ്രവൃത്തി (അളവുപുസ്തകം പ്രകാരം) 12.03.2017 നു മുമ്പുതന്നെ പൂർത്തീകരിച്ചതായാണ് ഗുണഭോക്തൃസമിതിയുടെ മിനിട്ട്സിൽ കാണുന്നത്. എന്നാൽ ഇതിന്റെ ചെക്ക് മെഷർമെന്റ് ചെയ്തിട്ടുള്ളത് 29.08.2017 ലും പണം നൽകിയിട്ടുള്ളത് ബിൽ നമ്പർ 16 പ്രകാരം 19.02.2018 ലും ആണെന്നു കാണുന്നു (2,76,677 രൂപ). ഒരു മരാമത്ത് വർക്കിന് അനാവശ്യമായ സമയദൈർഘ്യം വന്നത് പഞ്ചായത്ത് സമിതികൾ ചർച്ച ചെയ്യിട്ടില്ല എന്നത് സമിതികളുടെ പ്രവർത്തനത്തിലെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

(4) മത്സ്യ മേഖലാ വികസനം

സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്, അരൂർ നൽകിയ രേഖകൾ പ്രകാരം ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ 100-ൽ താഴെയും 461 തീരദേശ മത്സ്യത്തൊഴിലാളി കുടുംബങ്ങളും പഞ്ചായത്തിൽ ഉണ്ട്. അതുപോലെ പഞ്ചായത്ത് പരിധിയിൽ 1.5കിലോമീറ്ററോളം കടൽത്തീരവും 2.5 കിലോമീറ്ററോളം കായൽത്തീരവും പഞ്ചായത്ത് പരിധിയിലുണ്ട്.

കൃഷിഭവനിലെ അടിസ്ഥാനവിവര രജിസ്റ്റർ പ്രകാരം 4 പൊതുകുളങ്ങളും 2തോടുകളും 2 കായലുകളും പഞ്ചായത്തിലുണ്ട്.

ഫിഷറീസ് വകുപ്പിന് കീഴിൽ മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് രണ്ട് ഉപവിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. ഏജൻസി ഫോർ ഡെവലപ്പ്മെന്റ് ഓഫ് അക്വകൾച്ചർ (അഡാക്)

2. ഫിഷ് ഫാർമേഴ്സ് ഡെവലപ്പ്മെന്റ് ഏജൻസി (FFDA)

ഇതിന്റെ മേൽനോട്ടത്തിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്ന നടപടികൾ നടത്തി വരുന്നു. അതുപോലെ പഞ്ചായത്ത് അധിഷ്ഠിതമായി കൂട്ടുകൃഷിയും ചെമ്മീൻ കൃഷിയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ ഡിപ്പാർട്ട്മെന്റ് നടപ്പാക്കുന്ന പദ്ധതികളോ മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഡിപ്പാർട്ട്മെന്റ് നടത്തുന്ന പ്രവർത്തനങ്ങളോ പഞ്ചായത്ത് ഇവർക്കായി നടപ്പാക്കേണ്ട പ്രോജക്ടുകളോ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽ വന്നിട്ടില്ല.

മാത്രമല്ല, കൃഷി, മൃഗസംരക്ഷണം മത്സ്യബന്ധനം എന്നിവയുമായി ബന്ധപ്പെട്ട് 25.02.2017-ൽ പഞ്ചവത്സരപദ്ധതി 2017-22 ഉം വാർഷികപദ്ധതി 2017-18ഉം ചർച്ച ചെയ്യുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് ചേർന്നെങ്കിലും തീരുമാനം ഒന്നും എടുത്തതായി കാണുന്നില്ല. അതുപോലെ 24.05.2017, 19.01.2018 എന്നീ തീയതികളിൽ ചേർന്ന വികസന സെമിനാറും തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല. തുടർന്ന് ചേർന്ന (തീയതി ഇല്ല) വർക്കിംഗ് ഗ്രൂപ്പ് മൃഗസംരക്ഷണം മത്സ്യബന്ധനം എന്നിവയെപ്പറ്റി ചർച്ച ചെയ്തില്ല പകരം കൃഷിയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മാത്രമാണ് ചർച്ച ചെയ്തത്. ഒപ്പം മത്സ്യസഭ വിളിച്ചുചേർത്തിട്ടില്ലാത്തതിനാൽ മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനോ ഇവ ഗ്രാമസഭകളിലും പഞ്ചായത്ത് കമ്മറ്റിയിലും അവതരിപ്പിക്കുവാനോ സാധിച്ചിട്ടില്ല.

2017-18 വർഷത്തെ പദ്ധതിരേഖയിൽ മത്സ്യതൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുക, ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം പറയുന്നുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട് ശരിയായ പഠനം നടത്തുകയോ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനങ്ങൾ വീക്ഷിക്കുകയോ ചെയ്യാതെയാണ് 2017-18 വർഷത്തെ പ്രോജക്ടുകൾ തെരഞ്ഞെടുത്തത് എന്നു കാണുന്നു.

2017-18 വർഷം മത്സ്യതൊഴിലാളികൾക്ക് വല (സമുദ്ര മേഖല), മത്സ്യതൊഴിലാളികൾക്ക് വല (ഉൾനാടൻ മേഖല) എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിരുന്നു. എന്നാൽ ഈ പ്രോജക്ടുകൾക്ക് വേണ്ടത്ര താല്പര്യം ഈ മേഖലയിലെ ഗുണഭോക്താക്കൾ കാണിച്ചില്ല. മാത്രമല്ല, നമ്പർ S122/18 ആയി മത്സ്യതൊഴിലാളികൾക്ക് വല (ഉൾനാടൻ മേഖല) എന്ന പ്രോജക്ടിനായി ഗുണഭോക്താക്കളെ വരെ തെരഞ്ഞെടുത്തുവെങ്കിലും നടപ്പാക്കുവാൻ സാധിച്ചില്ല. അതുപോലെ മത്സ്യതൊഴിലാളികൾക്ക് വല (സമുദ്ര മേഖല) എന്ന S0121/18 -ാം നമ്പർ പ്രോജക്ടിനായി 54 ഗുണഭോക്താക്കളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിൽ ഒരാൾ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയത്. തുടർന്ന് 18.11.2017-ൽ ചേർന്ന 16-ാം വാർഡ് ഗ്രാമസഭ 12 പേരെ കൂടി ഗുണഭോക്താക്കളായി അംഗീകരിച്ചു. എന്നാൽ ഇതിൽനിന്നും 3 പേർ മാത്രമാണ് ആനുകൂല്യം കൈപ്പറ്റിയത്. മാത്രമല്ല 30000രൂപ/-വികസനഫണ്ട് വകയിരുത്തിയിരുന്ന ഈ പ്രോജക്ടിന് അതിന്റെ 40% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഗ്രാമസഭകളിൽ പ്രോജക്ടുകളെ സംബന്ധിച്ച് ക്രിയാത്മകമായ ചർച്ച വരാത്തതുകൊണ്ടാണ് ജനതാല്പര്യമില്ലാത്ത പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്നതെന്നാണ് ഇത് തെളിയിക്കുന്നത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഇത് ഗൗരവമായി ചർച്ച ചെയ്യേണ്ടതാണ്.

(5) വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ- കരാറില്ലാതെ ഡെപ്പോസിറ്റ് തുക നൽകിയത്

പ്രോജക്ട് നം- 13/18

ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും തെരുവുവിളക്കുകളില്ലാത്ത സ്ഥലങ്ങളിൽ കേരള ഇലക്ട്രിസിറ്റി ബോർഡ് മുഖേന ഇലക്''ട്രിക് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി ഗ്രാമപഞ്ചായത്തും ജില്ലാ പഞ്ചായത്തും 6 ലക്ഷം രൂപ വീതം വിഹിതം വകയിരുത്തി സംയുക്ത പദ്ധതി ഏറ്റെടുത്തിരുന്നു. ചേർത്തല ഇലക്ട്രിക് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 21.11.2017 ലെ എസ്ററിമേറ്റ് പ്രകാരം 11,03,949 രൂപയാണ് പ്രോജക്ട് ചെലവ് കണക്കാക്കിയത്. എക്സിക്യൂട്ടീവ് എൻജിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 6,00,000/- രൂപ കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് കൈമാറിയിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതമായി എസ്റ്റിമേറ്റ് പ്രകാരം ബാക്കി നിൽക്കുന്ന 5,03,949/-രൂപ ആവശ്യപ്പെട്ട് കത്തു നൽകിയതല്ലാതെ ജില്ലാ പഞ്ചായത്ത് വിഹിതം നൽകിയതിന്റെയോ ഇലക്ട്രിസിറ്റി ബോർഡുമായി കരാറിലേർപ്പെട്ടതിന്റെയോ പദ്ധതി തുകയുടെ കൈപ്പറ്റ് വിവരങ്ങളോ ഫയലുകൾക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി കരാർ ഒപ്പിടുന്ന തീയതി മുതൽ മാത്രമാണ് ഇലക്ട്രിസിറ്റി ബോർഡിന് പദ്ധതി നടത്തിപ്പിൽ നിയമപരമായ ബാധ്യതയുള്ളത് എന്നതിനാൽ കരാറിലേർപ്പെടാതെ തുക കൈമാറിയതിന് കൃത്യമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരിശോധിച്ചതായ വിവരങ്ങളൊന്നും ലഭ്യമല്ല. ജില്ലാ പഞ്ചായത്ത് വിഹിതത്തിന്റെ ലഭ്യത ഉറപ്പാക്കാതെ ഗ്രാമപഞ്ചായത്ത് വിഹിതം മാത്രമായി കൈമാറിയതുമൂലം തുക നിഷ്ക്രിയമായ അവസ്ഥയിലാണ്. സംയുക്ത പദ്ധതികളിൽ മറ്റ് തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം ഉറപ്പാക്കുന്ന വിധം പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

(6) ഹൈ മാസ്റ്റ്,മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ- അനുമതി വിവരം ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി 2017-18 സാമ്പത്തിക വർഷം 110/2018, 111/2018, 112/18, 114/18, 136/18എന്നീ പ്രോജക്ടുകളിലായി ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഹൈ മാസ്റ്റ്, മിനി ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പദ്ധതികൾ ലോകബാങ്ക് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഈയിനം പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നടപ്പാക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 11.06.2012 ലെ ജി.ഒ (പി) നം.332/2012/ധന ഉത്തരവ് പ്രകാരമുള്ള എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന ഹൈ മാസ്റ്റ്, മിനി ഹൈമാസ്റ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്ന തുടർ പരിപാലനച്ചെലവേറിയ പദ്ധതികൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണ്. വാർഡ് 10 ലെ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രോജക്ടിന്റെ ഫയൽ (പ്രോജക്ട് നം-136/18) ചെലവുരേഖകൾ (ചെലവ് തുക 263826/-രൂപ) എന്നിവയും മറ്റ് വാർഡുകളിലെ പ്രോജക്ടുകളുടെ ചെലവിന്റെ രേഖകൾ, ഇൻസ്റ്റലേഷൻ വിവരങ്ങൾ, തുകയുടെ കൈപ്പറ്റ് വിവരങ്ങൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തദ്ദേശസ്ഥാപനങ്ങൾക്കുള്ള സബ്സിഡി മാർഗ്ഗരേഖയിൽ ഖ.12.8 പ്രകാരം നിലവിൽ സ്ഥാപിച്ചിട്ടുള്ള ഹൈവോൾട്ട് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി തനത് ഫണ്ട് മാത്രമാണ് വകയിരുത്താവുന്നത്. എന്നാൽ പ്രോജക്ട് നം. 120/18 പ്രകാരം എം.എൽ.എ മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള ചാപ്പക്കടവ് -ഹൈമാസ്റ്റ് ലൈറ്റ് റിപ്പയറിനായി പഞ്ചായത്ത് പ്ലാൻ (ജനറൽ) ഫണ്ടാണ് ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇതിനായി പ്രത്യേകാനുമതി വാങ്ങിയിട്ടുള്ളതായി വിവരങ്ങൾ ലഭ്യമല്ല. ഇക്കാര്യങ്ങൾക്കായി ചുമതലപ്പെട്ട വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ ഈ അപാകങ്ങൾ പരിശോധനയ്ക്ക് വിധേയമായതായി കാണുന്നില്ല. ഇക്കാര്യങ്ങളിൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടിയോ രേഖകളോ ഹാജരാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിലില്ലാത്ത ഇനങ്ങളിൽ സർക്കാർ അനുമതിക്ക് വിധേയമായി മാത്രം പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് നിരീക്ഷണങ്ങൾ

(1)അഗതി-ആശ്രയ ഭവനനിർമ്മാണം - പദ്ധതി നടപ്പാക്കിയില്ല

കുത്തിയതോട് ഗ്രാമപഞ്ചായത്തിലെ സി.ഡി.എസ് മുഖേനേ എസ്.സി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണസഹായം നൽകുന്നതിനായി ആലപ്പുഴ ജില്ലാ പഞ്ചായത്തിൽ നിന്നും 20.01.2014-ൽ 10,00,000രൂപയും 21.07.2015-ൽ 5,00,000രൂപയും അനുവദിച്ചിരുന്നു. ഒരു ഗുണഭോക്താവിന് 2,50,000രൂപയുടെ സഹായമാണ് ലഭിക്കുന്നത്. എന്നാൽ ഈ പദ്ധതിയിൽ 3 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് നൽകേണ്ട 7,50,000/-രൂപ നാളിതുവരെ ചെലവഴിക്കപ്പെടാതെ സി.ഡി.എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഈ തുക ഉൾപ്പടെ 10,62,773രൂപ സി.ഡി.എസ് ആശ്രയ അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. ഇത്ര കുറഞ്ഞ തുകയ്ക്ക് ഭവനനിർമ്മാണ ത്തിനായി ഗുണഭോക്താക്കളെ ലഭിക്കാത്തതുമൂലമാണ് ധനസഹായം അനുവദിക്കാത്തത് എന്ന് വിശദീകരണം നൽകിയെങ്കിലും തുക അനുവദിച്ച 2014-15, 2015-16 കാലയളവിൽ തത്തുല്യ സംഖ്യ (2,50,000/-രൂപ) മാത്രമാണ് എല്ലാ ഭവനനിർമ്മാണ പദ്ധതികൾക്കും സബ്സിഡി നൽകിയിരുന്നത്. ഈ പദ്ധതിയിലെ ധനസഹായം വിനിയോഗിക്കുന്നത് സംബന്ധിച്ച് വിശദമായ ചർച്ചകളോ തീരുമാനങ്ങളോ ക്ഷേമകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ നടന്നിട്ടില്ല. ഭവനനിർമ്മാണ ധനസഹായം നാളിതുവരെ ചെലവഴിക്കപ്പെടാതെ സൂക്ഷിച്ചിരിക്കുന്നതും പദ്ധതി നഷ്ടപ്പെടാതിരിക്കുവാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ആരോഗ്യ- വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

(1)ആയുർവേദാശുപത്രിക്ക് മരുന്ന വാങ്ങൽ- മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

ആയുർവേദാശുപത്രിക്ക് മരുന്ന വാങ്ങൽ എന്ന പ്രോജക്ടിനായി 21.10.2017-ലെ ബിൽ നം. 27/2017-18 പ്രകാരം 5,00,000/-രൂപ ഔഷധിയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ലഭിച്ച മരുന്നുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | ഇൻവോയ്സ് പ്രകാരമുള്ള തുക | മരുന്നുകൾ ലഭിച്ച തീയതി | കുറിപ്പ് |
|---|---|---|---|
| 90047146/31.12.17 | 121813 | 02.02.2018 | |
| 90050671/25.01.18 | 29651 | 02.03.2018 | |

| | | | |
|---|---|---|---|
| 90055560/26.02.18 | 70398 | 12.03.2018 | |
| 90058792/19.03.18 | 213510 | 28.04.2018 | ഇൻവോയ്സിൽ ഉൾപ്പെട്ടിട്ടുള്ള 28966 രൂപയുടെ മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല |
| 90061141/30.03.18 | 32701 | 28.04.2018 | |
| 90063533/19.05.18 | 21527 | 25.05.2018 | |
| ആകെ | 489600 | | |

കൂടാതെ ഈ ഇൻവോയ്സിൽ ഉൾപ്പെട്ടിട്ടുള്ള 28966/-രൂപയുടെ മരുന്നുകൾ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു.

| മരുന്നിന്റെ പേര് | അളവ് | നിരക്ക് | വില |
|---|---|---|---|
| Aragwadharishtam 450ml | 102 | 44 | 4448 |
| Malathyadhi keram | 46 | 148 | 6808 |
| Balaguluchyadhi co.oil 450ml | 95 | 140 | 13300 |
| Rasnadi choornam 500 gm | 18 | 245 | 4410 |
| ആകെ | | | 28966 |

39366 (28966+10400) രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ യഥാസമയം ലഭ്യമാകാഞ്ഞിട്ടും ആരോഗ്യസ്റ്റാൻഡിംഗ് കമ്മറ്റിയിൽ ഇത് സംബന്ധിച്ച് അവലോകനം നടത്തുകയോ പരിഹാരനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ആരോഗ്യ വർക്കിംഗ് ഗ്രൂപ്പും പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. 21.10.2017-ലാണ് തുക ഔഷധിയ്ക്ക് മുൻകൂറായി നൽകിയിട്ടുള്ളത്. പ്രോജക്ടിന് അംഗീകാരം നേടിയശേഷം സമയബന്ധിതമായി തുക കൈമാറുകയാണെങ്കിൽ അതത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് നടപ്പിലാക്കാൻ കഴിയുന്നതാണ്. വിഷയം ജില്ലാ മെഡിക്കൽ ഓഫീസറുടെ(ആയുർവേദം) ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

500000/- രൂപ ഔഷധിയ്ക്ക് മുൻകൂറായി നൽകിയതിൽ 489600/- രൂപയുടെ മരുന്നുകളുടെ വിവരം രേഖപ്പെടുത്തിയ ഇൻവോയ്സാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത് (ഇൻവോയ്സ് നം.90058792). ശേഷിക്കുന്ന 10400/-രൂപയുടെ (500000-489600) മരുന്നുകൾ ഇതുവരെ ലഭിച്ചിട്ടില്ല.

(2)മരുന്നുകൾ/ഉപകരണങ്ങൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളിൽ മരുന്നുകൾ/ഉപകരണങ്ങൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ മുൻകൂറായി തുക നൽകിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് മരുന്നുകൾ വാങ്ങുന്നതിനായി തുക നൽകിയിട്ടുള്ളത്. മരുന്നുകൾ/ഉപകരണങ്ങൾ ഇതുവരെ സ്ഥാപനത്തിന് ലഭിച്ചിട്ടില്ല. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | തുക | ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1 | S0160/18 പള്ളിത്തോട് പി.എച്ച്.സിക്ക് മരുന്നുവാങ്ങൽ | 100000 | 4/17-18 / 13.03.2018 |
| 2 | S0163/18 ജീവിതശൈലീരോഗനിർണ്ണയം, മരുന്നു വാങ്ങൽ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 200000 | 8/17-18 / 26.03.2018 |
| 3 | S0161/18 പാലിയേറ്റീവ് കെയർ | 100000 | 9/17-18 /26.03.2018 50000/-<br>10/17-18/26.03.2018 1600/-<br>ചെക്ക് നം.1838501/24.03.2018 48400/- (ചെക്ക് തുക 200000/-) |
| | | 100000 | 7/17-18 / 13.03.2018 |
| ആകെ | | 500000 | |

മേൽ കാരണങ്ങളാൽ 5,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സാമ്പത്തികവർഷം അവസാനിക്കാറായപ്പോഴാണ് സ്ഥാപനം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക മുൻകൂറായി നൽകിയത്. അതത് വർഷം തന്നെ പ്രോജക്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രോജക്ടിന്റെ അവലോകനം കൃത്യമായി നടത്തുന്നില്ല എന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതമനുഭവിക്കുന്നവർക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിട്ടുള്ള പാലിയേറ്റിവ് പരിചരണ സംവിധാനത്തിന് ആവശ്യമായ മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള തുക പോലും സമയബന്ധിതമായി കൈമാറാതിരുന്നത് ഗൗരവമായി കാണേണ്ടതാണ്. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടേയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

(3) SSA വിഹിതം - വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

SSA വിഹിതമായി ജില്ലാ പ്രോജക്ട് ഓഫീസർക്ക് 2017-18 വർഷം 21,00,000 രൂപ നൽകിയിട്ടുണ്ട്. ചെയ്ത പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. നൽകിയ തുക ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി പ്രോജക്ട് അവലോകനം നടത്തുകയോ വിദ്യാഭ്യാസം, സംസ്കാരം, കല-കായികവികസനം-ക്ഷേമം വർക്കിംഗ് ഗ്രൂപ്പും മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. തുക ഉപയോഗിച്ച് ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങിയ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

(4) കായിക പരിശീലനത്തിനായി ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്-പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

കായിക പരിശീലനത്തിനായി ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന പ്രോജക്ടിൽപ്പെടുത്തി 5000 രൂപയുടെ (ബിൽ നം.3/17-18 തീയതി. 22.03.2018) സ്പോർട്സ് ഉപകരണങ്ങൾ തിരുമല വീരാസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിന് നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)യുവജനക്ലബ്ബുകളുടെ ഏകോപനസമിതി രൂപീകരിച്ചിട്ടില്ല. കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ ഏകോപനസമിതി ആലോചിച്ച് തീരുമാനിക്കേണ്ടതാണ്.

2)എല്ലാ ക്ലബ്ബുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചിട്ടില്ല.

3)തിരുമല വീരാസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് അവരുടെ ആവശ്യകതയും സാധ്യതയും അനുസരിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് അപേക്ഷയോടൊപ്പം ചേർത്തിട്ടില്ല.

4) 03.04.2017-ലെ ജി.ഒ(എം.എസ്) നം.80/2017/ത.സ്വ.ഭ.വ 2017-18 വർഷം ഈ പ്രോജക്ടിന് നൽകാവുന്ന സബ്സിഡി 2000 രൂപയാണ്. 26.03.2018- ലെ സ.ഉ (സാധാ) നം. 811/2018/ത.സ്വ.ഭ.വ പ്രകാരം 2018-19 മുതലാണ് 5000 രൂപയുടെ

സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 27.11.2017-ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരമാണ് 5000/- രൂപ നൽകിയതെന്നാണ് എച്ച്.എം മറുപടി നൽകിയിട്ടുള്ളത്. അതിനാൽ അധികം ചെലവഴിച്ച 3000 രൂപ 27.11.2017-ലെ മീറ്റിംഗിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറി ആകസ്മികാവധിയിലായിരുന്നു) എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

5) നാല് ടെൻഡറുകൾ ലഭിച്ചതായും ഒരേ സ്പെസിഫിക്കേഷൻ ഉള്ള സാധനങ്ങൾ എല്ലാവരും ക്വാട്ട് ചെയ്തിട്ടില്ലെന്നും എന്നാൽ ഗുണമേന്മയുള്ള മിക്ക സാധനങ്ങളും റോബിൻ സ്പോർട്ട്സ് എന്ന സ്ഥാപനമാണ് ക്വാട്ട് ചെയ്തിട്ടുള്ളതെന്നും അതിനാൽ റോബിൻ സ്പോർട്ട്സ്എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങാവുന്നതാണെന്നും എച്ച്.എം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രോക്യൂവർമെന്റ് കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ കമ്മറ്റി സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുകയോ തീരുമാനം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6) ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി പ്രോജക്ട് അവലോകനം നടത്തുകയോ വിദ്യാഭ്യാസം, സംസ്കാരം, കല-കായികവികസനം-ക്ഷേമം വർക്കിംഗ് ഗ്രൂപ്പ് മോണിറ്റിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

(5)അങ്കണവാടി കുടിവെള്ള കണക്ഷൻ- കരാറില്ലാതെ ഡെപ്പോസിറ്റ് തുക നൽകി

പ്രോജക്ട് നം- 108/18 (SO) & 205/18

ബിൽ നം-36/17-18 Rs.1,00,000/- dtd.24.02.2018

ബിൽ നം-37/17-18 Rs.90,000/- dtd.24.02.2018

ഗ്രാമപഞ്ചായത്തിലെ കുടിവെള്ള ലഭ്യതയില്ലാത്ത അങ്കണവാടികളിൽ കേരള വാട്ടർ അതോറിറ്റി വഴി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് വാട്ടർ അതോറിറ്റി ആലപ്പുഴ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം സ്പിൽ ഓവർ- പുതിയ പദ്ധതികളിലായി 1,90,000/- രൂപ ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം അങ്കണവാടികളിലാണ് പദ്ധതി നടപ്പാക്കുന്നതെന്നുള്ള വിവരങ്ങളോ പദ്ധതി നടത്തിപ്പിനായി വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിന്റെ വിവരങ്ങളോ പദ്ധതി തുകയുടെ കൈപ്പറ്റ് വിവരങ്ങളോ പദ്ധതി ഫയലുകൾക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി കരാർ ഒപ്പിടുന്ന തീയതി മുതൽ മാത്രമാണ് വാട്ടർ അതോറിറ്റിക്ക് പദ്ധതി നടത്തിപ്പിൽ നിയമപരമായ ബാധ്യതയുള്ളത് എന്നതിനാൽ കരാറിലേർപ്പെടാതെ തുക കൈമാറിയതിന് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയുടെ മേൽനോട്ട ചുമതലയുള്ള സ്റ്റാൻഡിംഗ് കമ്മിറ്റി ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ പരിശോധിച്ചതായ വിവരങ്ങളൊന്നും ലഭ്യമല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

(6) സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പതിമൂന്നാം പഞ്ചവത്സര പദ്ധതിക്കു ബാധകമായിട്ടുള്ള 29.03.17 – ലെ ജി.ഒ(എം.എസ്)72/2017ത.സ്വ.ഭ.വ പദ്ധതിമാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആസൂത്രണം ചെയ്തിട്ടുള്ള സംയുക്തപ്രോജക്ടുകളിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ ഒരു യോഗം ചേരണം. എന്നാൽ ഈ നടപടിക്രമങ്ങൾ ഒന്നും തന്നെ 2017-18 വർഷം ആസൂത്രണം ചെയ്തിട്ടുള്ള സംയുക്തപ്രോജക്ടുകളുടെ കാര്യത്തിൽ നടന്നിട്ടില്ല. 2017-18 വർഷം താഴെ പറയുന്ന സംയുക്തപ്രോജക്ടുകൾക്കായി വകയിരുത്തിയ തുക ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.

| പ്രോജക്ട് | ഗ്രാമ പഞ്ചായത്ത് വിഹിതം | ജില്ല/ബ്ലോക്ക് വിഹിതം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|
| അഗതി ആശ്രയ പ്രോജക്ട് | വികസനഫണ്ട്-225506<br>ചെലവ് - 225506 | 150000 (ബ്ലോക്ക്പഞ്ചായത്ത്)<br>ചെലവ് - 0 | 375506 | 375506 |
| സ്ട്രീറ്റ് ലൈൻ വലിക്കൽ | ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 600000<br>ചെലവ് - 600000 | 600000 (ജില്ലാ പഞ്ചായത്ത്)<br>ചെലവ് - 0 | 1200000 | 600000 |

സ്ട്രീറ്റ് ലൈൻ വലിക്കലിനായി ഗ്രാമപഞ്ചായത്ത് വിഹിതം 6,00,000/- രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചു. എന്നാൽ ജില്ലാ പഞ്ചായത്ത് വിഹിതം സ്ഥാപനത്തിന് കൈമാറാത്തതിനാൽ കെ.എസ്.ഇ.ബിയുമായി കരാറിൽ ഏർപ്പെടാൻ പോലും ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അഗതി ആശ്രയ പ്രോജക്ടിന്റെ ഗ്രാമപഞ്ചായത്ത് വിഹിതം പൂർണ്ണമായി ചെലവഴിച്ചിട്ടും ബ്ലോക്ക് വിഹിതം ഇതുവരെ ലഭിച്ചിട്ടില്ല. നടപടിക്രമങ്ങളിലുള്ള വീഴ്ചയാണ് ഇത് സൂചിപ്പിക്കുന്നത്.

(7) ഖരമാലിന്യ സംസ്കരണം

13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം മാലിന്യസംസ്കരണത്തിനായി വികസനഫണ്ടിന്റെ കുറഞ്ഞത് 10% ഫണ്ട് വകയിരുത്തേണ്ടതാണ്. തൻവർഷം എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റിനായി 18,00,000/- രൂപ വകയിരുത്തിയെങ്കിലും യാതൊരു പ്രവർത്തനങ്ങളും നടന്നിട്ടില്ല. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചില്ലെങ്കിൽ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയില്ല. അതിനാൽ അനിവാര്യ പ്രോജക്ടായ ഖരമാലിന്യസംസ്കരണത്തിനായി പ്രോജക്ട് തയ്യാറാക്കുകയും നിർവ്വഹണം നടത്താതിരിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഗ്രാമപഞ്ചായത്തിൽ ഉണ്ടായിട്ടുള്ളത്. മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ ധാരാളം ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഒന്നും പ്രാവർത്തികമാക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വീടുകളിലെ മാലിന്യസംസ്കരണത്തിനായി ഗുണഭോക്തൃവിഹിതം ഈടാക്കി 3kg കപ്പാസിറ്റിയുള്ള ഇൻസിനേറ്റർ സ്ഥാപിക്കൽ, മാലിന്യസംസ്കരണത്തിന് പ്ലാന്റ്, അറവുശാല സ്ഥാപിക്കൽ, പഞ്ചായത്തിൽ പൊതു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കൽ, പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജന പദ്ധതി, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ, എം.സി.എഫിന് സ്ഥലം വാങ്ങൽ എന്നിങ്ങനെ പല ശുപാർശകളും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി നൽകിയിട്ടുണ്ട്. മാത്രമല്ല, പ്ലാസ്റ്റിക് മാലിന്യനിർമാർജ്ജനത്തിന് പദ്ധതി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്ന പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലും ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലും പ്രസിഡന്റിന്റെ നേതൃത്വത്തിൽ സന്ദർശനം നടത്തി പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിച്ച് ക്ലീൻ കേരള മിഷന് കൈമാറുന്നതിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുകയും അത്തരത്തിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് ജനറൽ കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. എന്നാൽ ഇതുവരെ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഒരു ശുപാർശയും പ്രാവർത്തികമായിട്ടില്ല. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(8) പാലിയേറ്റീവ് കെയർ

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർപേഴ്സണായും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ വൈസ് ചെയർപേഴ്സണായും രൂപീകരിച്ചിട്ടുള്ള പ്രസ്തുത കമ്മറ്റി മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്. മാത്രമല്ല, പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പി.എം.സിയുടെ ആഭിമുഖ്യത്തിൽ തദ്ദേശഭരണ സ്ഥാപനത്തിൽ വച്ച് മാസം തോറും അവലോകനയോഗങ്ങളും നടത്തേണ്ടതാണ്. എന്നാൽ 23.06.2017, 11.10.2017, 21.03.2018 തീയതികളിൽ മാത്രമാണ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. 17.04.2017, 07.08.2017, 19.09.2017, 21.11.2017, 19.12.2017, 21.02.2018തീയതികളിൽ അവലോകനയോഗങ്ങളും നടന്നിട്ടുണ്ട്. അവലോകനയോഗങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാനോ മറ്റ് ജനപ്രതിനിധികളോ പങ്കെടുത്തിട്ടില്ല. ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരം ഭരണസമിതി ചർച്ച നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല.

23.06.2017- ലെ മാനേജ്മെന്റ് കമ്മറ്റി യോഗത്തിൽ പാലിയേറ്റിവ് പ്രവർത്തനങ്ങളിൽ ഫിസിയോ തെറാപ്പി സൌകര്യം

വേണമെന്ന് ചർച്ചയിൽ അവതരിപ്പിക്കുകയും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തീരുമാനം ഉണ്ടാകണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച് തീരുമാനമുണ്ടാകുമെന്ന് പ്രസിഡന്റ് അറിയിച്ചെങ്കിലും ഈ ആവശ്യം ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയിലോ പഞ്ചായത്ത് കമ്മറ്റിയിലോ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തില്ല. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

(9) പൊതുശ്മശാനം നിർമ്മാണം - കോസ്റ്റ് ഫോർഡിനു നൽകിയ 7,80,000/- രൂപ പാഴായി

20-ാം വാർഡിൽ ഗ്യാസ് ക്രിമറ്റോറിയം നിർമ്മാണം (പ്രോജക്ട് നം.S0140/15) എന്ന പ്രോജക്ടിനായി സംസ്ഥാനാവിഷ്കൃത വിഹിതം 37 ലക്ഷം രൂപയും തനതുഫണ്ട് 2 ലക്ഷം രൂപയും ഉൾപ്പെടെ 39 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രവൃത്തി നടത്തുന്നതിനായി കോസ്റ്റ് ഫോർഡുമായി കരാർ വയ്ക്കുകയും 31.07.2015- ൽ സൈറ്റ് കൈമാറുകയും ചെയ്തു. അടങ്കലിന്റെ 20% തുക 7,80,000/- രൂപ തനതുഫണ്ടിൽനിന്നും നൽകി. എന്നാൽ ഇതുവരെ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല. വെള്ളക്കെട്ടുള്ളതിനാലാണ് പ്രവൃത്തി നടത്താൻ കഴിയാത്തതെന്നാണ് കോസ്റ്റ് ഫോർഡ് അറിയിച്ചിട്ടുള്ളത്. തുക കോസ്റ്റ് ഫോർഡിൽ നിന്നും തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിന്റെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(10)മഴക്കാല പൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

ചെക്ക് നം.-1900625,190066 dt 11.07.17 – 90,080/- രൂപ

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 90080/- രൂപ അഡ്വാൻസായി നൽകിയതിൽ, മെഡിക്കൽ ഓഫീസർ ഇൻചാർജ്, താലൂക്ക് ആശുപത്രി തുറവൂർ- 78,820/- രൂപയും, മെഡിക്കൽ ഓഫീസർ സി.എച്ച്.സി.പള്ളിത്തോട് - 11,260/- രൂപയും 11.07.2017 - ൽ കൈപ്പറ്റിയിട്ടുണ്ട്. ചെലവ് രേഖകൾ ഹാജരാക്കുന്നതിനായി 17.07.2018 – ൽ ഓഡിറ്റ് എൻക്വയറി നം.21 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും വാർഡ് 6,7,16 എന്നിവയിൽ മാത്രം 5630/- രൂപ വീതം ചെലവഴിച്ചതിന്റെ രേഖകൾ മാത്രമാണ് ഓഡിറ്റ് വേളയിൽ ഹാജരാക്കിയിട്ടുള്ളത്. ജി.ഒ(പി)419/2011 ധനം.04.10.2011 പ്രകാരം മൂന്ന് മാസത്തിനകം ക്രമീകരിക്കാത്ത മുൻകൂറുകൾ 18% പലിശസഹിതം ഈടാക്കേണ്ടതാണ്. വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അഡ്വാൻസ് തുകയായ 73190/- രൂപ പലിശ സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

1994- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 162എ വകുപ്പ് പ്രകാരം ധനകാര്യം, പൊതുഭരണം മുതലായ വിഷയങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിധിയിൽ വരുന്നതാണ്. ജീവനക്കാരുടെ ശമ്പളം, ഇൻഷ്വറൻസ്, പ്രോവിഡന്റ് ഫണ്ട് മുതലായവ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയിൽപ്പെട്ടതാണ്. എന്നാൽ 2014 പേ റിവിഷനെത്തുടർന്ന് ഗ്രാമപഞ്ചായത്തിലെ രണ്ട് ജീവനക്കാരുടെ എസ്.എൽ.ഐ, ജി.ഐ.എസ് പ്രീമിയം വർദ്ധിപ്പിച്ചതായി കാണുന്നില്ല. കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി വെള്ളക്കരം നിർണ്ണയിച്ച് ചെലവ് ചുരുക്കുന്നതിന് കഴിഞ്ഞിട്ടില്ല. ബയോഗ്യാസ് പ്ലാന്റിനായി ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ വികസനഫണ്ടിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചു. മേൽവിഷയങ്ങളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ സത്വരശ്രദ്ധ ക്ഷണിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) SLI, GIS പ്രതിമാസ വരിസംഖ്യ വർദ്ധിപ്പിച്ചില്ല

SLI.GIS എന്നിവയുടെ പ്രതിമാസ പ്രീമിയം 2014 പേ റിവിഷന്റെ അടിസ്ഥാനത്തിൽ ജി.ഒ(പി)നം.149/16/ധനം, തീയതി. 4.10.2016 പ്രകാരം 01.01.2017 പ്രാബല്യത്തിലും, ജി.ഒ(പി)നം.112/2016, തീയതി. 01.8.2016 പ്രകാരം 01.9.2016 പ്രാബല്യത്തിലും വർദ്ധിപ്പിക്കേണ്ടതാണ്. 31/03/2018 വരെയുള്ള ചെലവ് വൌച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് ഓഫീസിലെ താഴെപ്പറയുന്ന ജീവനക്കാരുടെ SLI, GIS എന്നിവയുടെ പ്രീമിയം വർദ്ധിപ്പിച്ചതായി കാണുന്നില്ല.

| ക്രമ നം. | പേര് തസ്തിക | അടിസ്ഥാന ശമ്പളം | നിലവിലെ പ്രീമിയം | | അടിസ്ഥാന ശമ്പള പ്രകാരം ആവശ്യമായത് | |
|---|---|---|---|---|---|---|
| | | | SLI | GIS | SLI | GIS |
| 1 | സജിമോൻ. വി ക്ലാർക്ക് | 28,500/- | 100 150 | 150 | 300 | 400 |
| 2 | അജിതകുമാരി. ടി സീനി.ക്ലാർക്ക് | 29,200/- | 300 | 200 | - | 400 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സർക്കാർ നിശ്ചയിച്ച നിരക്കിൽ പോളിസി എടുപ്പിക്കുകയും, ഗ്രൂപ്പ് ഇൻഷ്വറൻസ് പോളിസി വരിസംഖ്യയിൽ ആവശ്യമായ വർദ്ധനവ് വരുത്തേണ്ടതുമാണ്.

(2) പൊതുടാപ്പുകളുടെ വെള്ളക്കരം

2017-18 സാമ്പത്തിക വർഷത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമായി 1,00,625/- രൂപ വീതം എല്ലാ മാസവും വാട്ടർ അതോറിറ്റിക്ക് നൽകി വരുന്നതായി കാണുന്നു. 17-18 ലും പ്രോജക്ട് നം.141/17-18 ആയി കുടിവെള്ള കണക്ഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യാപകമായി കുടിവെള്ള കണക്ഷൻ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പല പൊതുടാപ്പുകളും ഉപയോഗ ശൂന്യമായിട്ടുണ്ട്. ഇത്തരം ടാപ്പുകളുടെ വിവരങ്ങൾ വാർഡ് സഭകൾ, അയൽക്കൂട്ടങ്ങൾ എന്നിവയുടെ സഹായത്തോടെ സമാഹരിച്ച് ആയതിന്റെ വാർഡുതല പട്ടിക തയ്യാറാക്കി പഞ്ചായത്തിന് നൽകുന്നതിന് അതാത് വാർഡുകളിലെ ജനപ്രതിനിധികളെ ചുമതലപ്പെടുത്തി തീരുമാനിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയോട് ശുപാർശ ചെയ്തുകൊണ്ടുള്ള ധനകാര്യ സ്ഥിരം സമിതിയുടെ 20.09.2017 ലെ യോഗതീരുമാനം 11.10.2017 ലെ പഞ്ചായത്ത് കമ്മിറ്റി യോഗം അജണ്ട നം.-21 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (29/18.07.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്മേൽ തുടർനടപടികൾ സ്വീകരിക്കുകയോ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ ചെയ്തിട്ടില്ല. സർക്കാർ പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിക്കുന്നതു പ്രകാരം കുടിവെള്ള പദ്ധതികളിൽ പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും ഹൌസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതുമാണ്. വ്യാപകമായി ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് പഞ്ചായത്തിന് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഉപയോഗശൂന്യമായ പൊതുടാപ്പുകൾക്ക് വെള്ളക്കരം അടവാക്കുന്ന ആവർത്തനച്ചെലവ് ഒഴിവാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(3) ബയോഗ്യാസ് പ്ലാന്റ്- പ്ലാൻ ഫണ്ടിൽ നിന്നും മുഴുവൻ തുകയും നൽകി
പ്രോജക്ട് നം-132/18 (S.O)

ബിൽ നം-01/17-18 Rs.201875/- c/o 03.08.2017

2017-18 സാമ്പത്തിക വർഷം വി.ഇ.ഒ നടപ്പിലാക്കിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (പ്രോജക്ട് നം-132/18-S.O) പദ്ധതിയിൽ 34 ഗുണഭോക്താക്കൾക്ക് 8500/- രൂപ വീതം വില വരുന്ന ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്തിട്ടുണ്ട്. 50% സംസ്ഥാന സർക്കാർ വിഹിതം, 25% ശുചിത്വമിഷൻ വിഹിതം, 25% ഗുണഭോക്തൃവിഹിതം എന്നിങ്ങനെയാണ് പദ്ധതി അടങ്കൽ. ഇതു പ്രകാരം പ്ലാന്റ് ഒന്നിന് 6,375/-രൂപ സബ്സിഡിയും 2,125/- രൂപ ഗുണഭോക്തൃവിഹിതവുമാണ്. എന്നാൽ പദ്ധതി ആരംഭിച്ച 2016-17 ലും 2017-18 ലും ഗുണഭോക്താക്കളിൽ നിന്നും 25% നിരക്കിൽ ഗുണഭോക്തൃവിഹിതം വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതിച്ചെലവ് പൂർണ്ണമായും സംസ്ഥാന സർക്കാർ വിഹിതത്തിൽ നിന്നും ശുചിത്വമിഷൻ വിഹിതത്തിൽ നിന്നും മാത്രമാണ്. ഗുണഭോക്താക്കളിൽ നിന്നും യഥാസമയം ഈടാക്കിയ ഗുണഭോക്തൃവിഹിതം പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാത്തതിന് സ്പിൽ ഓവറായി നടപ്പാക്കുന്ന പദ്ധതിയുടെ അടുത്ത വർഷത്തെ ചെലവ് പൂർണ്ണമായും ഗുണഭോക്തൃവിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതാണെന്ന വിശദീകരണം ആണ് ലഭ്യമാക്കിയത്. ഗുണഭോക്തൃവിഹിതം കൃത്യമായി പിരിച്ചെടുത്തിട്ടും അനുമതി ലഭിച്ച പദ്ധതി അടങ്കലിൽ മാറ്റം വരുത്തി ചെലവഴിച്ചത് മൂലം പ്ലാൻ ഫണ്ടിൽ അതാത് വർഷങ്ങളിൽ അധിക ചെലവിന് കാരണമായിട്ടുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പട്ടണക്കാട്ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| പട്ടണക്കാട്ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | നെൽകൃഷി വികസനം | 200000 | 0 |
| പട്ടണക്കാട്ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 203565 | 8935 |

| | | | | | |
|---|---|---|---|---|---|
| പട്ടണക്കാട്ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 41000 | പാലിന് സബ്സിഡി | 32373 | 8627 |
| പട്ടണക്കാട്ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | പാലിന് ഇൻസെന്റീവ് | 275000 | 25000 |
| ആകെ | | 953500 | | 910938 | 42562 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ | 36/23.02.2018 | 100000 | 0 | 100000 |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള കണക്ഷൻ | 37/05.03.2018 | 90000 | 0 | 90000 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 31/23.11.2017 | 600000 | 0 | 600000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

--ഇല്ല--

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം.747/2010/ ത.സ്വ.ഭ.വ | 10930000 | 1525853 | 1525853 | 0 | 0 | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 50,00,000 |

| | |
|---|---|
| തൻവർഷം ലഭിച്ച പലിശ | 5,64,926 |
| ആകെ | 55,64,926 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 19,150 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 55,45,776 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No. 4014/60/01/003342 | 5545776 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14,14-15 | 3-6 | 4155 | ശ്രീമതി. ഗീത ഷാജി | 117010100535/13.06.2017 |
| 2013-14, 14-15 | 3-6 | 4542 | ശ്രീ.ഫൈസൽ,<br>ഗുണഭോക്തൃസമിതി കൺവീനർ | 117010100536/13.06.2017 |
| 2013-14, 14-15 | 3-7 | 6478 | ശ്രീ.സുരേഷ് പീറ്റർ, ക്ലർക്ക് | 117010100630/27.06.2017 |
| ആകെ | | 15175 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-9 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തികൾക്ക് നടപടിക്രമം പാലിച്ചില്ല | ഗുണഭോക്താക്കൾക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

--ഇല്ല--

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80495118 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68071251 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 56147 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 612556 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 3-1(2) | - | 53147 | ശ്രീമതി.സൂസമ്മ.പി.വി, കൃഷി ഓഫീസർ |
| 3-3(4) | | 3000 | 27.11.2017-ലെ മീറ്റിംഗിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ,<br>ശ്രീമതി.പി.എം.ഉഷ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 56147 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3(1) | 39366 | ഡോ. ജിജിമോൾ. ആർ, മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3-3(2) | 500000 | ഡോ. സേതുമാധവൻ.കെ.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-3(10) | 73190 | ഡോ. സേതുമാധവൻ.കെ.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| ആകെ | 612556 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.പി.എം.ഉഷ,അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കുത്തിയതോട് ഗ്രാമ പഞ്ചായത്ത് | നന്ദനം, തുറവൂർ പി.ഒ |
| ശ്രീമതി. സൂസമ്മ.പി.വി, കൃഷി ഓഫീസർ | കൃഷിഭവൻ, കുത്തിയതോട് | നമ്പേലി ഹൗസ്, ഉണിച്ചിറ,<br>തൃക്കാക്കര പി.ഒ |
| ഡോ. ജിജിമോൾ.ആർ, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ആയുർവ്വേദ ഡിസ്പെൻസറി,<br>കുത്തിയതോട്. | രാജീവം, കടക്കരപ്പള്ളി പി.ഒ, ചേർത്തല |
| ഡോ. സേതുമാധവൻ.കെ.ആർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പി.എച്ച്.സി പള്ളിത്തോട് | സരോവരം, സി.എം.സി, ചേർത്തല |

27.11.2017-ലെ മീറ്റിംഗിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ

1) ശ്രീമതി.മേരി (കുഞ്ഞുമോൾ), പറയകാട്ടിൽ, പള്ളിത്തോട് പി.ഒ

2) ശ്രീമതി.മാലതി, പുത്തൻ തറയിൽ, തിരുമലഭാഗം പി.ഒ

3 )ശ്രീ.സജീവ് (സജീവൻ), കീളത്തറ,പറയകാട്. പി.ഒ

4) ശ്രീമതി.ആശാകുമാരി, ചുട്ടുകാട്ടിൽ, പറയകാട് പി.ഒ

5) ശ്രീ.ഹരീഷ്. ആർ,അമ്പിളിഭവനം, പറയകാട് പി.ഒ

6) ശ്രീ.എൻ.കെ.മോഹനൻ,നികർത്തിൽ, കുത്തിയതോട് പി.ഒ

7) ശ്രീമതി.ലൈല വേണുഗോപാൽ, പുന്നയ്ക്കൽ, കുത്തിയതോട് പി.ഒ

8) ശ്രീ.കെ. ധനേഷ് കുമാർ, ആർ.കെ.നിവാസ്, തുറവൂർ പി.ഒ

9) ശ്രീമതി.വത്സല, വെളിപറമ്പിൽ, തുറവൂർ പി.ഒ

10) ശ്രീമതി.ലത ശശിധരൻ, തറയിൽ, തുറവൂർ പി.ഒ

11)ശ്രീ.രൂപേഷ്, കുന്നമ്മേൽ, തുറവൂർ.പി.ഒ

12) ശ്രീ.അബ്ദുൾ ഗഫൂർ ഹാജി, മംഗലമിറ്റത്തുമാളികയിൽ, തുറവൂർ പി.ഒ

13) ശ്രീ.വിപിൻ, കൈതക്കാട്ട്, പറയകാട് പി.ഒ

14) ശ്രീമതി.പ്രേമ രാജപ്പൻ, കണ്ണേക്കാട്ട്, തിരുമലഭാഗം പി.ഒ

15) ശ്രീമതി.ഗീതാഷാജി, കൊറ്റിനാട്ട്,തിരുമലഭാഗം പി.ഒ

16) ശ്രീ.ഫ്രാൻസിസ് ഓബിൻ, ആറാട്ടുകുളങ്ങര, പള്ളിത്തോട് പി.ഒ

4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ.9-180/98/ 3-07-98/10-12-98 |
| 1999-00, 2000-01 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2002-03 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2003-04 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2005-06 | എൽ.എഫ്.ജി.എ 5- 1832/11/21.1.12 |
| 2006-07 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2007-08 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2008-09 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2009-10 | എൽ.എഫ്.ജി.എ 5- 1577/2013 |
| 2010-11&2011-12 | എൽ.എഫ്.എ.പി2- 134/13/21.03.2013 |

| | |
|---|---|
| 2012-13 | എൽ.എഫ്.എ.പി2- 101/14/29.04.2014 |
| 2013-2014 & 2014-15 | കെ.എസ്.എ.എ.എൽ.പി/പി2-374/2016/26.03.17 |
| 2015-16 | കെ.എസ്.എ.എ.എൽ.പി/പി2 -1480/16/28.02.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി2-1184/17/18.09.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## <u>**അനുബന്ധം.1**</u>

നം. കെ.എസ്.എ-എ.എൽ.പി/ജിഎ.4/1126(5)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com

തീയതി: 04.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുത്തിയതോട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ

## അനുബന്ധം.2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |

| | | |
|---|---|---|
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ